بسم الله الرحمن الرحيم O نحمده ونصلى على رسوله الكريم O وعلىٰ عبده المسيح الموعود

ഖുത്വ്ബ നമ്പർ
07
14-02-2014

ജുമുഅ ഖുത്വ്ബ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایدہ اللہ تعالیٰ بنصرہ العزیز
വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ


Baitul Futuh, London

# വാഗ്ദത്ത മസീഹ് عليه السلام ന്റെ സത്യസാക്ഷ്യം

ഇന്ന് ഞാൻ ഹ: മസീഹ് മൗഊദ് عليه السلام തന്റെ അടയാളങ്ങളെ കുറിച്ച് പറഞ്ഞ കാര്യങ്ങളെ പരാമർശിച്ചാണ് സംസാരിക്കുന്നത്. ഇതു സംബന്ധമായി അടിസ്ഥാനപരമായ ഒരു കാര്യം മസീഹ് മൗഊദ് عليه السلام പറഞ്ഞിരിക്കുന്നത്, ഇപ്പോൾ പ്രകടമായിക്കൊണ്ടിരിക്കുന്നതും ഭാവിയിൽ പ്രകടമാകുന്നതുമായ അടയാളങ്ങളുടെ എല്ലാം ഉദ്ദേശ്യം അല്ലാഹു ആ മഹാത്മാവ് മുഖേന ലോകത്തിന്റെ മുമ്പാകെ ഇസ്‌ലാമിന്റെ സത്യത പ്രകടമാക്കുക എന്നതും, നബി صلى الله عليه وسلم യുടെ സ്ഥാനമാനത്തെ ലോകത്ത് പ്രകടിപ്പിക്കുക എന്നതുമാണ്. ഈ അടയാളങ്ങൾ അന്യരുടെയും ഇസ്‌ലാമിനെ ആക്ഷേപിക്കുന്നവരുടെയും വായ അടപ്പിക്കുന്നതോടൊപ്പം മറുഭാഗത്ത് ഹ: മസീഹ് മൗഊദ് عليه السلام ന്റെ സത്യതയ്ക്കുള്ള സാക്ഷ്യം കൂടി നൽകുന്നു. ഇസ്‌ലാമിന്റെ പുനർജനനത്തിനായി അയച്ച അല്ലാഹുവിന്റെ യോദ്ധാവ് അദ്ദേഹമാണെന്നതിന് തെളിവുകൂടിയാണിത്.

ഇപ്പോൾ ഞാൻ ബറാഹീനെ അഹ്മദിയ്യായിൽ നിന്നും ഒരു ഉദ്ധരണി കേൾപ്പിക്കാം. ഇതിൽ നിന്നും ഈ അടയാളങ്ങൾ വിവരിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണെന്ന് വ്യക്തമാകുന്നതാണ്. പറയുന്നു: "എല്ലാ അനുഗ്രഹങ്ങളും ആത്മീയ പ്രകാശങ്ങളും സർവ്വതും തന്നെ ഇസ്‌ലാമിൽ മാത്രം പരിമിതപ്പെടുത്തിയിരിക്കുന്നു എന്നും അവയെല്ലാം ഇതിൽ നിചപ്പെടുത്തിയിരിക്കുന്നു എന്നും സത്യാന്വേഷകരും സത്യം ആഗ്രഹിക്കുന്നവരുമായ ആളുകൾക്ക് വ്യക്തമാകുന്നതിന് വേണ്ടിയാണ് ഇതെല്ലാം പ്രസിദ്ധീകരിക്കുന്നത്. അതേപോലെ ഇക്കാലത്തെ മത നിഷേധികളുടെ സന്താനങ്ങൾക്ക് വ്യക്തമായ തെളിവുകളും സാക്ഷ്യങ്ങളും എത്തിക്കുന്നതിനും വേണ്ടിയാണിത്. മാത്രമല്ല അവരുടെ ദുശ്പ്രകൃതം എല്ലാ ഓരോരുത്തർക്കും പ്രകടമാകുന്നതിനും വേണ്ടിയാണ്. അവർ അന്ധകാരത്തോട് കൂട്ടുകൂടുന്നവരും പ്രകാശത്തോട് ശത്രുത പുലർത്തുന്നവരുമാണ്. അതു കാരണം അവർ നബി صلى الله عليه وسلم യുടെ ഉന്നത പദവിയെ നിഷേധിച്ചു കൊണ്ട് ആ മഹാ വ്യക്തിത്വത്തിനെതിരിൽ നിർലജ്ജകരമായ വചനങ്ങൾ പുലമ്പുന്നവരാണ്. അവർ ഈ മനുഷ്യനിൽ അന്യായമായി കറ്റുകെട്ടുകയും ചെയ്യുന്നു. അവർ അതിനീചമായ പ്രകൃതത്തിന്റെ ഉടമയായതുകൊണ്ട്, അധമമായ വിശ്വാസ നിഷേധികളായതുകൊണ്ട് അവർ അറിയാതെ പോകുന്ന ഒരു കാര്യമുണ്ട്. അതായത് സൂര്യനെ പോലെ എപ്പോഴും തന്റെ തേജസ് ലോകത്ത് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നതും ഇനിയും പ്രകടിപ്പിക്കുന്നതുമായ ഒരേ ഒരു വ്യക്തിത്വം ലോകത്ത് വന്നിരിക്കുന്നത് തിരുനബി صلى الله عليه وسلم മാത്രമാണ്.

അതേ പോലെ ഈ സത്യ സന്ധമായ എഴുത്തിലൂടെ ഇസ്‌ലാമിന്റെ മഹത്വവും പ്രതാപവും എതിരാളികൾ മുഖേന പ്രകടമാകുന്നതാണ്. യഥാർത്ഥ അർത്ഥത്തിൽ സത്യത്തെ ആഗ്രഹിക്കുന്നവർക്ക് അത് കണ്ടെത്താനുള്ള കവാടം തുറക്കപ്പെടുന്നതാണ്. അല്പമെങ്കിലും ബുദ്ധിയുള്ളവർക്ക് അതുമുഖേന കാര്യം വ്യക്തമാകുന്നതാണ്.

ഈ ഇൽഹാമുകളും കശ്ഫുകളും എഴുതുന്നതിന്റെ മറ്റൊരു കാരണം വിശ്വാസികളുടെ ഈമാനിക ശക്തി വർദ്ധിപ്പിക്കുകയും അവരുടെ ഹൃദയത്തിൽ സുസ്ഥിരതയും സംതൃപ്തിയും പ്രാപ്യമാകുകയും ചെയ്യുന്നതിനാണ്. ഋജുവായ മാർഗം എന്നത് ഇസ്‌ലാം മാത്രമാണെന്നും ആകാശത്തിനു കീഴെ ഇനി ഒരേ ഒരു പ്രവാചകനും ഒരേ ഒരു ഗ്രന്ഥവും മാത്രമാണുള്ളത് എന്നുമുള്ള പച്ചയായ യാഥാർഥ്യം പൂർണ ദൃഢജ്ഞാനത്തോടെ മനസ്സിലാക്കുന്നതിനു വേണ്ടിയാണ്. ആ പ്രവാചകൻ ഹ: മുഹമ്മദ് മുസ്തഫാ صلى الله عليه وسلم തിരുമേനിയാണ്. ആ മഹാത്മാവ് മറ്റെല്ലാ പ്രവാചകന്മാരേക്കാളും അത്യുന്നതനും അതിശ്രേഷ്ടനുമാണ്. എല്ലാ റസൂൽമാരിൽ നിന്നും സമ്പൂർണനും പരിപൂർണനുമാണ്. ഖാത്തമുൽ അമ്പിയാഉം സൃഷ്ടി കുലോത്തമനുമാണ്. അദ്ദേഹത്തെ പിൻപറ്റുന്നതിലൂടെ അല്ലാഹുവിനെ ലഭിക്കുകയും അന്ധകാരത്തിന്റെ മറകൾ നീക്കപ്പെടുകയും ഈ ലോകത്ത് വെച്ച് തന്നെ യഥാർഥ മോക്ഷത്തിന്റെ അടയാളങ്ങൾ ദൃശ്യമാകുകയും ചെയ്യുന്നു. പരിപൂർണ മാർഗദർശനവും സമ്പൂർണ സ്വാധീനവും ചെലുത്തുന്ന വിശുദ്ധ ഖുർആൻ മുഖേന ദൈവത്തെക്കുറിച്ചുള്ള അറിവും ആത്മീയ ജ്ഞാനവും കരസ്ഥമാകുന്നതാണ്. അതുമുഖേന മാനുഷിക വൈകല്യങ്ങളിൽ നിന്നും ഹൃദയം ശുദ്ധമായിത്തീരുകയും മനുഷ്യൻ അജ്ഞതയുടെയും അലസതയുടെയും അറിവില്ലായ്മയുടെയും മറയിൽ നിന്നും മോചനം കൈവരിച്ച് ദൃഢജ്ഞാനത്തിന്റെ സ്ഥാനത്തോളം എത്തിച്ചേരുകയും ചെയ്യുന്നു.

ഈ കശ്ഫുകളും ഇൽഹാമുകളും അന്യരുടെ സാക്ഷ്യങ്ങൾ മുഖേന സത്യപ്പെടുത്തുന്നതിനുള്ള ഒരു കാരണം മുസ്‌ലിംകളുടെ കൈവശം അതിശക്തമായ തെളിവുകൾ നിലനിൽക്കട്ടെ എന്നതുമാണ്. അന്ധന്മാരും ദൈവവിരോധികളും കളങ്ക ഹൃദയരുമായവർ അന്യായമായ രീതിയിൽ മുസ്‌ലിംകളോട് കിട മത്സരം നടത്താറുണ്ട്. അവർ പരാജയപ്പെടുന്നത് ജനസാമാന്യം വ്യക്തമാകുന്നതിനു വേണ്ടിയാണ്. ഇക്കാലത്ത് അന്ധകാരത്തിന്റെയും വഴികേടിന്റെയും വിഷലിപ്തമായ കാറ്റ് വീശിക്കൊണ്ടിരിക്കുകയാണ്. അതിന്റെ വിഷാംശങ്ങളിൽ നിന്ന് ഇക്കാലഘട്ടത്തിലെ സത്യാന്വേഷികളെയും വരും തലമുറയെയും സംരക്ഷിക്കുന്നതിനും വേണ്ടിയാണ്. കാരണം ഈ ഇൽഹാമുകളിൽ വരും കാലങ്ങളിൽ പുലരുന്ന പല കാര്യങ്ങളും വരുന്നതാണ്. ഈ കാലഘട്ടം കഴിഞ്ഞു കടക്കുകയും പുതിയ ഒരു ലോകം തന്റെ

മുഖം മൂടി മാറ്റി പുറത്ത് വരികയും ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ സ്വന്തം കണ്ണുകൾകൊണ്ട് കാണുമ്പോൾ അവരുടെ വിശ്വാസ ദൃഢതക്ക് ഈ പ്രവചനങ്ങൾ വളരെയധികം പ്രയോജനം ചെയ്യുന്നതാണ്. اِنْ شَآءَ اللهُ ”

ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിലെ ആദ്യ നാല് വാള്യങ്ങളിൽ നിന്നാണ് ഇത് എടുത്തത്. ആ കാലത്ത് പ്രവചനങ്ങളും വെളിപാടുകളും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് അന്നേക്ക് മാത്രമുള്ളതല്ല. പറയുന്നു: “വരും തലമുറയും ഇത് പ്രയോജനപ്പെടുത്തുന്നതും ഇത് ഓർത്തുവെക്കുന്നതുമാണ്. പല പ്രവചനങ്ങളും ഭാവിയിലായിരിക്കും പുലരുക. ഈ പ്രവചനങ്ങളൊന്നും തന്നെ തനിക്ക് വേണ്ടിയായിരുന്നില്ല. മറിച്ച് ഇസ്‌ലാമിന്റെ സത്യം വെളിപ്പെടുത്തുന്നതിനും നബി ﷺ യുടെ സ്ഥാന മഹാത്മ്യം നമുക്കും ലോകത്തിനും പറഞ്ഞു തരുന്നതിനും വേണ്ടിയാണ്. എന്നാൽ ഈ ഒരു ലക്ഷ്യം പൂർത്തിയാകുന്നുണ്ടോ എന്ന് നോക്കാതെ ആക്ഷേപിക്കുന്നവരെ ഓർത്ത് അത്ഭുതം തോന്നാറുണ്ട്. ഇൽഹാം ഉർദുവിലും ഇംഗ്ലീഷിലും അറബിയിലും എല്ലാമാണ് ഉണ്ടാകുന്നത് എന്നെല്ലാമാണ് അക്ഷേപിക്കുന്നത്. നമുക്ക് അല്ലാഹുവിനെ ഇന്ന ഭാഷയിലെ ഇൽഹാം ഇറക്കാവു എന്ന് നിർബന്ധിക്കാൻ പറ്റുമോ, ഏത് ഭാഷയിൽ വേണമെന്നതും ഒരേ വിഷയം തന്നെ വിവിധ ഭാഷകളിൽ ഇറക്കുക എന്നും എല്ലാം അവന്റെ ഇഷ്ടമാണ്.”

ഏതായിരുന്നാലും ഈ ഇൽഹാമുകൾ പൂർത്തിയായി എന്നതിന് മറ്റുള്ളവരും സാക്ഷികളാണ്. തിരുനബി  യുടെ സത്യം അവർക്ക് വെളിപ്പെട്ടു. ആത്മീയ ദൃഷ്ടിയുള്ളവർക്ക് ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥം ഇന്നും ഒരു അടയാള മാണ്. ഇതിൽ പറയപ്പെട്ട അടയാളങ്ങളും ഇൽഹാമുകളും വിശ്വാസ വർദ്ധനവിന് കാരണമാകുന്നു. ആ മഹാത്മാവ് പറഞ്ഞതു പോലെ ഈ കാര്യങ്ങളുടെ സത്യം വരും തലമറയും കാണുന്നതാണ്. ഇന്ന് നമുക്ക് ഇത് കണ്ട്കൊണ്ട് വിശ്വാസത്തിൽ ശക്തി കൈവരുന്നു. ഈ ഗ്രന്ഥവും ആ മഹാത്മാവിന്റെ മറ്റു ഗ്രന്ഥങ്ങളും ഹിദായത്തിനുള്ള കാരണമായിത്തീരുന്നു. ഇവയെല്ലാം ഒരടയാളമാണ്. എന്നാൽ ഹൃദയത്തിന് അന്ധത ബാധിച്ചിരിക്കുന്നവർക്ക് ഈ അടയാളങ്ങളെക്കുറിച്ചും തെളിവുകളെക്കുറിച്ചും ഒന്നും അറിയില്ല. ഒന്നും മനസ്സിലാകുന്നില്ല.

അല്ലാഹുവിൽ നിന്നും അറിവ് കരസ്ഥമാക്കിക്കൊണ്ട് ആ മഹാത്മാവ് ചെയ്തിരിക്കുന്ന പ്രവചനങ്ങളെ വിവരിച്ചു കൊണ്ട് കീശ്ത്തിനൂഹ് എന്ന ഗ്രന്ഥത്തിൽ പറയുന്നു: “അല്ലാഹു എന്നോട് പറഞ്ഞിരിക്കുന്ന അദൃശ്യ കാര്യങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങൾ പുലർന്നത് പതിനായിരത്തിൽ കുറയില്ല. എന്നാൽ ഇപ്പോൾ അച്ചടിക്കുന്ന ‘നുസൂലുൽ മസീഹ്’ എന്ന ഗ്രന്ഥത്തിൽ നിന്നും നൂറ്റി അമ്പതെണ്ണം തെളിവുകളും സാക്ഷ്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് മാതൃകയെന്നോണം എഴുതിയിരിക്കുന്നു. എന്റെ ഒറ്റ പ്രവചനം പോലും പൂർണ്ണമായും പുലരാത്തതായോ അതിന്റെ രണ്ട് ഭാഗങ്ങളിൽ ഒന്ന് പുലരാത്തതായോ ഇല്ല. ഇത് അന്വേഷിച്ച് അന്വേഷിച്ച് അവസാനം മരിക്കുകയാണെങ്കിൽ തന്നെയും എന്റെ നാവിൽ നിന്നും പുറപ്പെട്ട ഒരു പ്രവചനത്തെ കുറിച്ച്പോലും അത് പാഴായിപ്പോയി എന്ന് പറയാൻ ആർക്കും കഴിയില്ല. അശ്രദ്ധയോടും അക്ഷമയോടും കൂടി എന്തു വേണമെങ്കിലും പറഞ്ഞു കൊള്ളട്ടെ. വളരെ വ്യക്തമായി പുലർന്ന എന്റെ ആയിരക്കണക്കിന് പ്രവചനങ്ങളുണ്ടെന്ന് എനിക്ക് ഖണ്ഡിതമായി പറയാൻ കഴിയും. ലക്ഷക്കണക്കിന് പേർ അതിൽ സാക്ഷികളുണ്ട്. ഇതു പോലുള്ള ഉദാഹരണം മുൻ പ്രവാചകന്മാരിൽ നാം അന്വേഷിക്കുകയാണെങ്കിൽ നബി ﷺ യെ ഒഴിച്ച് മറ്റെവിടെയും ഇതിന് തത്തുല്യമായത് കാണാൻ സാധ്യമല്ല. ഈ രീതിയിൽ എന്റെ എതിരാളികൾ തീരുമാനമെടുത്തിരുന്നെങ്കിൽ എന്നോ അവരുടെ കണ്ണുകൾ തുറക്കപ്പെടുമായിരുന്നു. ഒരു ഭാരിച്ച സമ്മാനം നൽകാൻ വരെ ഞാൻ തയ്യാറായിരുന്നു. ലോകത്ത് ഇതിന് തത്തുല്യമായ പ്രവചനങ്ങൾ അവർ സമർപ്പിച്ചാൽ മതിയായിരുന്നു. ദുരുദ്ദേശ്യത്തോടും അജ്ഞതയോടും കൂടി ഇന്ന പ്രവചനം പുലർന്നിട്ടില്ല എന്ന് പറയുകയാണെങ്കിൽ അങ്ങനെയുള്ള വചനത്തെക്കുറിച്ച് അത് നീചവും ദുർദ്ധാരണയുമായ വാക്കുകളാണെന്നല്ലാതെ നാം മറ്റെന്തു പറയാൻ. അവർ ജനമദ്ധ്യേ ഈ കാര്യത്തെ കുറിച്ച് അന്വേഷണം നടത്തിയിരുന്നെങ്കിൽ അവർക്ക് അവരുടെ വാക്കുകളിൽ നിന്നും പിന്തിരിയേണ്ടി വരുമായിരുന്നു. അതല്ലെങ്കിൽ തങ്ങൾക്ക് ലജ്ജയില്ലെന്ന് പറയേണ്ടതായിവരും.”

“ആയിരക്കണക്കിന് പ്രവചനങ്ങൾ പറഞ്ഞ പ്രകാരം പുലരുക എന്നതും അത് പൂർത്തിയായി എന്നതിന് ആയിരക്ക ണക്കിന് സാക്ഷികൾ ജീവിച്ചിരിപ്പിക്കുക എന്നതും നിസ്സാര കാര്യമാണോ? ഇത് യഥാർത്ഥത്തിൽ പ്രതാപവാനായ അല്ലാഹുവിനെ പ്രകടമാക്കലാണ്. തിരുനബി ﷺ യുടെ കാലഘട്ടത്തില ല്ലാതെ മറ്റേതെങ്കിലും കാലത്ത് ആയിരക്കണക്കിന് പ്രവചനങ്ങൾ വിവരിക്കുകയും അവയെല്ലാം പകൽ വെളിച്ചം പോലെ പുലരുകയും ചെയ്തിട്ടുണ്ടോ? ആയിരക്കണക്കിന് പേർ അത് പുലർന്നു എന്നതിന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. എനിക്ക് ഉറച്ച വിശ്വാസമുണ്ട്, ഇക്കാലത്ത് അല്ലാഹു സമീപസ്തനായിക്കൊണ്ട് തന്നെ പ്രകടമാക്കുന്നതു പോലെ, ശതക്കണക്കിന് അദൃശ്യകാര്യങ്ങൾ തന്റെ ദാസന് വ്യക്തമാക്കിക്കൊടുക്കുന്നതുപോലെ മറ്റേതെങ്കിലും കാലത്ത് ഇതിനുള്ള ഉദാഹരണം കാണാൻ പ്രയാസമാണ്.”

നുസുലുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ പ്രവചനങ്ങൾ എഴുതിയിട്ടുണ്ടെന്ന് പറയുകയുണ്ടായി. അതിൽ നിന്ന് മൂന്ന് നാലെണ്ണം ഞാൻ എടുത്തിട്ടുണ്ട്. പറയുന്നു:

يا احمد فاضت الرحمة على شفتيك .ബറാഹീനെ അഹ്മദിയ്യാ പേജ് 517.

തർജ്ജുമ ഇതാണ്, അഹ്മദേ! നിന്റെ ചുണ്ടിൽ റഹ്മത്ത് ഒഴുകുന്നതാണ്. സാഹിത്യസമ്പുഷ്ടതയും ദിവ്യജ്ഞാനവും നിനക്ക് നൽകുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നോക്കുക. എന്റെ വചനങ്ങളെ ആർക്കും നേരിടാൻ കഴിഞ്ഞില്ല. ഇതിനു ശേഷം 20 ൽ കൂടുതൽ ഗ്രന്ഥങ്ങളും ലേഖനങ്ങളും സാഹിത്യ സമ്പുഷ്ടമായ അറബി ഭാഷയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ ആർക്കും തന്നെ ഇതിന് പകരം കൊണ്ടുവരാൻ സാധിച്ചിട്ടില്ല. അല്ലാഹു അവരുടെ നാവും ഹൃദയവും രണ്ടും എടുത്ത് മാറ്റുകയും എനിക്ക് നൽകുകയും ചെയ്തു.”

മറ്റൊരു പ്രവചനത്തെ കുറിച്ച് പറയുന്നു:

وقالوا انّٰی لک هذا ان هذا الا سحر يؤثر. لن نؤمن لک

حتی نری اللّٰه جهرة. لا يصدق السفيه الا سيفة الهلاک.

عدو لی و عدو لک قل اتی امر اللّٰه فلا تستعجلوه.

ബറാഹീനെ അഹ്മദിയ്യാ പേജ് 518,519.

തർജ്ജുമ ഇതാണ്. അവർ ചോദിക്കുന്നു. ഈ സ്ഥാനം നിനക്കെവിടെ നിന്ന് കിട്ടി. ഇത് ഒരു വഞ്ചന മാത്രമാണ്. അല്ലാഹുവിനെ നേരിട്ട് കാണാത്തിടത്തോളം, അടയാളങ്ങൾ ദർശിക്കാത്തിടത്തോളം ഞങ്ങൾ നിന്നിൽ വിശ്വസിക്കുകയില്ല.

ഇവർ വിശ്വസിക്കുകയേ ഇല്ല. ഇവരോട് പറയുക. മരണം (പ്ലേഗ്) വരുന്നു. അതിനാൽ ധൃതികാണിക്കരുത്. പറയുന്നു: "ഈ പ്രവചനം പ്ലേഗ് വരുന്നതിനും 20 വർഷം മുമ്പാണ് ചെയ്തത്. പ്ലേഗ് വന്നു. വർഷങ്ങളോളം ഈ പ്ലേഗ് നിലനിന്നു ലക്ഷക്കണക്കിന് ആളുകൾ മരിക്കുകയുണ്ടായി."

മറ്റൊരു പ്രവവചനത്തെ കുറിച്ച് പറയുന്നു.

اصحاب الصفة وما ادرک ما اصحاب الصفة تری

اعینهم تفیض من الدمع. یصلون علیک. ربنا اننا سمعنا

منادیا ینادی للایمان و داعیا الی الله وسراجا منیرا

ബറാഹീനെ അഹ്മദിയ്യാ പേജ് 242.

തർജ്ജുമ: സുഫ്ഫയിലെ സുഹൃത്തുക്കൾ, അസ്ഹാബു സ്വുഫ്ഫ എന്നു പറഞ്ഞാൽ നിനക്കെന്തറിയാം. അവരുടെ കണ്ണുകൾ അശ്രുകണങ്ങൾ ഒഴുക്കുന്നതായി നീ കാണും. നിനക്ക് അവർ സ്വലാത്ത് ചൊല്ലും. അവർ ഇപ്രകാരം പറയും. ഞങ്ങളുടെ നാഥാ! ഒരു വിളിയാളന്റെ വിളി ഞങ്ങൾ കേട്ടു. നിങ്ങളുടെ വിശ്വാസം ശരിയാക്കണം എന്നദ്ദേഹം പറയുന്നുണ്ടാ യിരുന്നു. അതിനെ ശക്തിപ്പെടുത്തുകയും ചെയ്യുക. അല്ലാഹു വിലേക്കാണ് വിളിച്ചിരുന്നത്. ശിർക്കിൽ നിന്നും അകറ്റുകയും ചെയ്തിരുന്നു. ഭൂമിയിൽ പ്രകാശം പരത്തുന്ന ഒരു വിളക്കായിരുന്നു അദ്ദേഹം.

ബറാഹീനെ അഹ്മദിയ്യായിൽ ഈ പ്രവചനങ്ങൾ പ്രസിദ്ധീകരിച്ചപ്പോൾ അങ്ങ് ഒരു കൂടാരമോ (സ്വുഫ്ഫയോ) ഉണ്ടായിരുന്നില്ല. അതിൽ ആളുകളും അസ്ഹാബു സ്വഫ്ഫയും ഉണ്ടായിരുന്നില്ല. (1882 ൽ രചിച്ച ബറാഹീനെ അഹ്മദിയ്യയിലുള്ള ഇൽഹാമുകളാണിത്.) പിന്നീട് മുഖ്ലിസീങ്ങൾ ഖാദിയാനിൽ ഹിജ്റത്ത് ചെയ്തത് വന്നു. അവർക്കായി ഷെഡുകളും അതിഥി മന്ദിരങ്ങളും നിർമ്മിക്കപ്പെട്ടു. നോക്കൂ! എത്ര മഹത്തരമായ പ്രവചനമാണിത്. ഇവിടേക്ക് ആർക്കും അൽപം പോലും ശ്രദ്ധയില്ലായിരുന്ന കാലത്താണ് ഈ പ്രവചനം ചെയ്യപ്പെട്ടത്. ഖാദിയാനിൽ ആത്മാർത്ഥരായ ഒരു സംഘം ഒരുമിച്ച് കൂട്ടപ്പെടും എന്നും അവർക്കായി ഷെഡുകൾ നിർമ്മിക്കപ്പെടും എന്നൊന്നും ചിന്തിക്കാനും അന്നാർക്കും കഴിയില്ലായിരുന്നു."

നോക്കു ബറാഹീനെ അഹ്മദിയ്യാ 240 ൽ പറയുന്നു:

یریدون ان یطفؤا نور الله بافواههم والله متم نوره ولو کره الکافرون

തർജ്ജുമ: എതിരാളികൾ ആഗ്രഹിക്കുന്നത് അല്ലാഹുവിന്റെ പ്രകാശത്തെ തങ്ങളുടെ വായ കൊണ്ടുള്ള ഊത്ത് കൊണ്ട് അണച്ചു കളയാമെന്നാണ്. പല കുതന്ത്രങ്ങളും അവർ പ്രയോഗിക്കുന്നതാണ്. എന്നാൽ അല്ലാഹു തന്നെ പ്രകാശത്തെ പരിപൂർണ്ണതയിൽ എത്തിക്കുന്നതാണ് നിഷേധികൾ എത്ര തന്നെ വെറുത്താലും ശരി.

ഈ പ്രവചനം നടത്തിയിരുന്ന കാലത്ത് എതിർപ്പുകളോ എതിരാളികളുടെ കടന്നാക്രമണമോ ഉണ്ടായിരുന്നില്ല. അന്ന് എതിർപ്പേ ഉണ്ടായിരുന്നില്ല. അപ്പോൾ പ്രവചനം നടത്തുന്നത് എതിർപ്പുകളുണ്ടാകും. അത് അവസാനിക്കും എന്നാണ്. ഈ പ്രവചനത്തിന് പത്ത് വർഷങ്ങൾക്ക് ശേഷം ശക്തമായ എതിർപ്പുകളുണ്ടായി. അത് സീമകളെ അതിലംഘിച്ചു. കുഫ്റ് ഫത്വ എഴുതപ്പെട്ടു. വധിക്കണമെന്ന ഫത്വ നൽകപ്പെട്ടു. എനിക്കെതിരിൽ ശതക്കണക്കിന് പുസ്തകങ്ങളും മാസികകളും പ്രസിദ്ധീകരിക്കപ്പെട്ടു. ഏകദേശം എല്ലാ മൗലവിമാരും എതിരാളികളായി മാറി. എന്നെ നശിപ്പിക്കാനായി എത്ര നീചമായ മാർഗവും അവർ സ്വീകരിച്ചു. എന്നാൽ അതിന്റെയെല്ലാം പരിണിത ഫലം തിരിച്ചാണ് ആയത്. ഈ പ്രസ്ഥാനം അനിതര സാധരണമയ നിലയിൽ വളരുകയുണ്ടായി.

നോക്കൂ ബറാഹീനെ അഹ്മദിയ്യയിൽ പറയുന്നു:

وان لم یعصمک الناس فیعصمک الله من عنده

یعصمک الله من عنده وان لم یعصمک الناس

ജനങ്ങൾ നിന്നെ രക്ഷിക്കുകയില്ലെങ്കിലും, നിന്നെ നശിപ്പിക്കാൻ പരിശ്രമിക്കുമെങ്കിലും അല്ലാഹു തന്റെ ഭാഗത്തു നിന്ന് കാര്യകാരണങ്ങളുണ്ടാക്കി നിന്നെ രക്ഷിക്കുന്നതാണ്. അല്ലാഹു നിന്നെ തീർച്ചയായും സംരക്ഷിക്കുന്നതാണ്. ജനങ്ങൾ സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും.

നോക്കൂ! എന്ത് മാത്രം ശക്തവും ശ്രേഷ്ഠവുമായ പ്രവചനമാണിത്. സംരക്ഷിക്കുമെന്ന് തുടരെത്തുടരെ വാഗ്ദാനം ചെയ്യുന്നു. ജനങ്ങൾ നിന്നെ നശിപ്പിക്കാനായി ശ്രമിക്കുമെന്ന് വ്യക്തമായി ഇതിൽ പറയുന്നുണ്ട്. വിവിധങ്ങളായ പദ്ധതികൾ അവർ ആസൂത്രണം ചെയ്യുന്നതാണ്. എന്നാൽ അല്ലാഹു നിന്റെ കൂടെയുണ്ടാകും. ആ പദ്ധതികളെയെല്ലാം അവൻ തകർക്കും. നിന്നെ അല്ലാഹു സംരക്ഷിക്കുന്നതാണ്.

ഒന്ന് ചിന്തിക്കൂ. എനിക്കെതിരിൽ ഏത് പദ്ധതിയാണ് അവർ ആസൂത്രണം ചെയ്യാതിരുന്നത്? എന്നെ നശിപ്പിക്കാനും ഇല്ലാതാക്കാനും വേണ്ടി പലവിധ പദ്ധതികളും ചെയ്തു. വധഗൂഢാലോചനാ കേസ് നൽകി. എന്നെ നിന്ദ്യനാക്കാനായി കഴിവതും ശ്രമിച്ചു. നികുതി ചുമത്താനായി പദ്ധതി ആസൂത്രണം ചെയ്തു. കുഫ്റ് ഫത്വ എഴുതി. കൊല്ലാനുള്ള ഫത്വ നൽകി. എന്നാൽ എല്ലാവരെയും അല്ലാഹു പരാജയപ്പെടുത്തുകയാണുണ്ടായത്. അവർ ഒരു കുതന്ത്രത്തിലും വിജയിച്ചില്ല. പിന്നീട് വന്ന എതിർപ്പിന്റെ ശക്തമായ ഈ തിരമാലയെക്കുറിച്ച് വർഷങ്ങൾക്ക് മുമ്പ് എനിക്ക് അറിവ് നൽകി. അല്ലാഹുവിനെ ഭയപ്പെടുക. സത്യം പറയുക. ഇത് അദൃശ്യ ജ്ഞാനവും ദൈവിക സഹായവുമല്ലെ?"

അല്ലാഹു സംരക്ഷിക്കും എന്നത് കൊണ്ട് അർഥമാക്കുന്നത് ജനങ്ങളിൽ നിന്ന് ഒരു ഉപദ്രവും ഏൽക്കരുത് എന്നാണെന്ന് നിങ്ങൾ പറയുന്നതെങ്കിൽ, എന്നാൽ ഇവിടെ കള്ളക്കേസ്സിൽ കുടിക്കിയതിന്റെ ഫലമായി കോടതിയിൽ പോകേണ്ടിവന്നില്ലേ എന്നും, പലരും ചീത്ത വിളിച്ചില്ലെ എന്നും, വ്യവഹാരത്തിനായി എത്രയോ പണം ചെലവഴിക്കേണ്ടി വന്നില്ലെ എന്നും പറയുകയാണെങ്കിൽ അതിനുള്ള മറുപടി, സംരക്ഷിക്കും എന്നതിന്റെ അർത്ഥം ശത്രുക്കളുടെ യഥാർത്ഥ ലക്ഷ്യമായി വലിയ ആപത്തിൽ നിന്നും സംരക്ഷിക്കുക എന്നതാണ്. നോക്കൂ! തിരുനബി ﷺ യെയും സംരക്ഷിക്കും എന്ന് വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ഉഹദ് യുദ്ധത്തിൽ നബി ﷺ ക്ക് ശക്തമായ പരിക്ക് പറ്റിയിരുന്നു. ഈ സംഭവം സംരക്ഷണ വാഗ്ദാനത്തിന് ശേഷമാണ് നടന്നത്. ഇതേപോലെ അല്ലാഹു ഹ: ഈസ عليه السلام യോട് പറഞ്ഞിരുന്നത് وَإِذْ كَفَفْتُ بَنِيٓ إِسْرَآءِيلَ عَنْكَ ആ കാലം ഓർക്കുക നിന്നെ കൊല്ലാനായി തയ്യാറാക്കിയ ബനീ ഇസ്റാഈലിനെ ഞാൻ തടഞ്ഞിരിക്കുന്നു. എന്നാൽ അദ്ദേഹത്തിന് ലഭിച്ച യാതനകളിൽ മനസ്സിലാകുന്നത് യഹൂദികൾ മസീഹിനെ അറസ്റ്റ് ചെയ്തു. കുരുശിൽ തറച്ചു. എന്നാൽ അവസാനം ജീവൻ അല്ലാഹു രക്ഷിച്ചു.

ഇതാണ് وَإِذْ كَفَفْتُ بَنِيٓ إِسْرَآءِيلَ عَنْكَ എന്നതിന്റെ അർത്ഥം وَاللّٰهُ يَعْصِمُكَ مِنَ النَّاسِ എന്നതിനും ഇതാണ് അർത്ഥം.

മൂന്ന് സംഭവങ്ങൾ മാതൃക എന്നോണം ഞാൻ എടുത്തതായിരുന്നു. ഇതേപോലെ ആ മഹാത്മാവിന്റെ ഗ്രന്ഥം ഒരയടയാളമാണ്. ഇതു സംബന്ധമായി ആ മഹാത്മാവ് പറയുന്നു: "ഗ്രന്ഥരചനയിൽ പ്രത്യേകിച്ച് അല്ലാഹുവിന്റെ അത്ഭുതങ്ങൾ എനിക്ക് കാണാൻ സാധിക്കുന്നു. കാരണം അറബിയിലോ ഉർദുവിലോ ഞാൻ എഴുതുമ്പോൾ എനിക്ക് തോന്നാറുള്ളത് എന്റെ ഉള്ളിൽ നിന്ന് ആരോ എനിക്ക് പറഞ്ഞു തരുന്നതുപോലെയാണ്. എപ്പോഴും എന്റെ രചനകൾ അത് അറബിയിലുള്ളതാണെങ്കിലും, ഉർദുവിലുള്ളതാണെങ്കിലും, ഫാർസിയിലുള്ളതാണെങ്കിലും അവ രണ്ട് ഭാഗങ്ങളായാണ് ഉള്ളത്. ഒന്ന് വാക്കുകൾ നിശ്പ്രയാസം അതിന്റെ ആശയത്തോടു കൂടി എന്റെ മുമ്പാകെ വന്നു കൊണ്ടിരിക്കും. അതിനെ ഞാൻ എഴുതിക്കൊണ്ടേ പോകുന്നു. അതിൽ എനിക്ക് വലിയ പ്രയത്നത്തിന്റെ ആവശ്യം ഉണ്ടാകാറില്ല. യഥാർഥത്തിൽ ആ ശൃംഖല എന്റെ ബുദ്ധിപരമായ കഴിവിൽ ഉൾപ്പെടുന്നതാണ്. അതിലെ വാക്കുകളും ആശയങ്ങളും എല്ലാം തന്നെ അല്ലാഹുവിന്റെ പ്രത്യേകമായ സഹായം ഇല്ലെങ്കിൽ തന്നെയും അവന്റെ കൃപയോടുകൂടി അവന്റെ ചെറിയ ഒരു സഹായം കൊണ്ട് തന്നെ മനുഷ്യ പ്രകൃതത്തിൽ അല്ലാഹു നിർബന്ധമായി വെച്ചിട്ടുള്ള കഴിവനുസരിച്ച് അല്പം പ്രയാസപ്പെട്ടാൽ തന്നെ കുറച്ച് സമയമെടുത്ത് എനിക്ക് ആ വിഷയങ്ങൾ എഴുതാൻ സാധിക്കുന്നതാണ്. **വല്ലാഹു അഅ്ലം.**

എന്നാൽ എന്റെ രചനയുടെ മറ്റൊരു ഭാഗം, അത്ഭുതകരമായ ദൈവിക സഹായം മൂലമുള്ളതാണ്. ഉദാഹരണമായി ഞാൻ അറബിയിൽ എഴുതുമ്പോൾ എനിക്ക് ചില വാക്കുകൾ ആവശ്യമുണ്ടാകും, എന്നാൽ അത് എന്താണെന്ന് എനിക്ക് അറിയുകയില്ല. അപ്പോൾ അല്ലാഹുവിന്റെ വഹ്യ് എനിക്ക് വഴിക്കാട്ടുന്നു. ആ വാക്ക് വാചക രൂപത്തിലുള്ള വഹ്യ് പോലെ **റൂഹുൽ ഖുദുസ്** എന്റെ ഹൃദയത്തിൽ ഇട്ടു തരുന്നു. അത് എന്റെ നാവിൽ വരുന്നു. ആ സമയത്ത് എന്റെ എല്ലാ ശക്തികളും പൂർണമായും ഇല്ലാതെയാകുന്നു. ഉദാഹരണത്തിന് അറബി രചനക്കിടയിൽ എനിക്ക് ഒരു വാക്കിന്റെ ആവശ്യമുണ്ടായിരുന്നു. അത് ബസ്യാറി അയാൽ എന്ന് ഉർദുവിൽ അർത്ഥം വരുന്ന അറബി വാക്കാണ് വേണ്ടിയിരുന്നത്. അതിന്റെ അറബി വാക്ക് എനിക്കറിയില്ലായിരുന്നു. ഈ രചന മുന്നോട്ട് കൊണ്ടു പോകാൻ ആ വാക്ക് അത്യാവശ്യവുമായിരുന്നു. ഉടനെ ഹൃദയത്തിൽ വാചക രൂപത്തിലുള്ള വഹ്യ് പോലെ **സഫഫ്** എന്ന വാക്ക് ഹൃദയത്തിൽ ഇടപെടുകയുണ്ടായി. (അതിന്റെ അർഥമാണ് ബർസായി അയാൽ). ഇതേപോലെ രചന സന്ദർഭത്തിൽ ദുഃഖവും കോപവും കാരണം നിശബ്ദനാകുക എന്നതിന് ഒരു വാക്കിന്റെ ആവശ്യമുണ്ടായിരുന്നു. അതിന്റെ അറബി വാക്ക് എന്താണെന്ന് എനിക്കറിയില്ലായിരുന്നു. പെട്ടെന്ന് ഹൃദയത്തിലേക്ക് വഹ്യ് ഇറങ്ങി. **ഹജും**. ഇങ്ങനെ അറബി വചനങ്ങളും ഇറങ്ങിയിട്ടുണ്ട്. അറബി രചനയിൽ ശതക്കണക്കിന് വചനങ്ങൾ വാചകരൂപത്തിലുള്ള വഹ്യ് പോലെ ഹൃദയത്തിൽ ഇടപ്പെടുന്നു. ചിലപ്പോൾ ഒരു മലക്ക് കടലാസിൽ ആ വാചകങ്ങൾ എഴുതി കാണിക്കുന്നു. ചില വചനങ്ങൾ വിശുദ്ധ ഖുർആനിലെ ആയത്തുകളായിരിക്കും. അതല്ലെങ്കിൽ അതു പോലുള്ളതായിരിക്കും. ചില മാറ്റങ്ങൾ അതിൽ ഉണ്ടാകും എന്ന് മാത്രം. ചിലപ്പോൾ അല്ലാഹു വാചകരൂപത്തിൽ ഇറക്കിയിരുന്ന അറബി വചനങ്ങൾ ഇന്ന ഗ്രന്ഥത്തിലും ഉള്ളതാണെന്ന് കുറേ കഴിയുമ്പോഴാണ് അറിയുന്നത്. കാരണം എല്ലാത്തിന്റെയും ഉടമസ്ഥൻ അല്ലാഹുവാണ്. അതിനാൽ ഏതെങ്കിലും ഗ്രന്ഥത്തിലെ ഉത്തമമായ വാചകങ്ങളും അതല്ലെങ്കിൽ ഉത്തമമായ കവിതകളും വഹ്യ് മുഖേന എന്റെ ഹൃദയത്തിൽ ഇട്ടു തരുവാൻ അവന് കഴിവുണ്ട്."

"ഇത് അറബി ഭാഷയുമായി ബന്ധപ്പെട്ടകാര്യമാണ്. ഇതിനേക്കാളും അത്ഭുതകരമായ കാര്യം, ചില ഇൽഹാമുകൾ എനിക്ക് അറിയാത്ത ഭാഷകളിലും ഉണ്ടായിട്ടുണ്ട്. ഇംഗ്ലീഷ്, സംസ്കൃതം, ഇബ്റാനി തുടങ്ങിയവ. അതിന്റെ ചില മാതൃക ബറാഹീനെ അഹ്മദിയ്യായിൽ എഴുതിയിട്ടുണ്ട്. എന്റെ ജീവൻ കയ്യിലുള്ള അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു: അല്ലാഹു എന്നോട് ഈ രീതിയിലാണ് എപ്പോഴും പ്രവർത്തിക്കുന്നത്. എനിക്ക് നൽകപ്പെട്ട അടയാളങ്ങളിൽ നിന്നുള്ള ഒരു തരം അടയാളമാണിത്. അത് അദൃശ്യകാര്യങ്ങളിൽ നിന്നുള്ളതും എനിക്ക് വെളിപ്പെടുത്തപ്പെടുന്നതുമാണ്. എനിക്ക് വഹ്യായി ഇറങ്ങിയിരിക്കുന്ന വചനങ്ങൾ ഏതെങ്കിലും അറബി, ഇംഗ്ലീഷ്, സംസ്കൃത ഭാഷകളിലുള്ള ഗ്രന്ഥങ്ങളിൽ മുമ്പേ ഉള്ളതാണെങ്കിൽ അതിൽ അല്ലാഹുവിന് ഒരു ന്യൂനതവും ഇല്ല. കാരണം എന്നെ സംബന്ധിച്ചെടുത്തോളം അത് അദൃശ്യം തന്നെയാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ തൗറാത്തിലെ പല കഥകളും വിവരിച്ചുകൊണ്ട് ഇതിനെയെല്ലാം അദൃശ്യ കാര്യങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അവയെല്ലാം തന്നെ തിരുനബി ﷺ ക്ക് അദൃശ്യജ്ഞാനമായിരുന്നു. യഹൂദി കൾക്ക് അത് അദൃശ്യങ്ങളിലായിരുന്നില്ല എന്നത് ശരി തന്നെ. അതുകൊണ്ടാണ് സാഹിത്യ സമ്പുഷ്ഠമായ രീതിയിൽ അറബി രചനയിൽ എന്നോട് മത്സരിക്കാനായി ഞാൻ ലോകത്തെ വെല്ലുവിളിക്കുന്നത്. അതെല്ലെങ്കിൽ മനുഷ്യന് എന്ത് ചെയ്യാൻ സാധിക്കും. അവന് എന്ത് വിലയാണുള്ളത്. അഹങ്കാരത്തോടും പൊങ്ങച്ചത്തോടും ഒരു ലോകത്തെ തനിക്കെതിരിൽ വെല്ലുവിളിക്കാൻ അവൻ കഴിയുമോ."

ഇതിന്റെ ഉദാഹരണം അദ്ദേഹത്തിന്റെ അറബി ഗ്രന്ഥങ്ങൾ അറബികളിൽ വരുത്തിയ സ്വാധീനത്തിൽ നിന്നും മനസ്സിലാക്കാം. അതിന്റെ ഉദാഹരണങ്ങൾ ഇക്കാലത്തും നമുക്ക് കാണാൻ സാധിക്കുന്നതാണ്. അതിനുള്ള എത്രയോ സംഭവങ്ങൾ ഉണ്ട്. അതിൽ നിന്ന് ചിലത് ഞാൻ കേൾപ്പിക്കാം. അക്കാലത്ത് അറബി ഭാഷയിൽ രചനയുടെ കാര്യത്തിൽ മത്സരിക്കാൻ ആരും വന്നില്ല. ഇന്നും അറബിയിൽ ഏതു രീതിയിലാണ് തങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കുന്നത് എന്ന് നോക്കുക.

ഫലസ്തീനിലെ നമ്മുടെ സഹോദരി എഴുതുന്നു. ഇപ്പോൾ നാട്ടിലുള്ള പൊതു വിശ്വാസമനുസരിച്ച് ഞങ്ങൾ അടിയുറച്ച് വിശ്വാസിച്ചിരുന്നത് ഈസ ﷺ ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്നും അവസാനകാലത്ത് ഇറങ്ങിവന്ന് മറ്റു സമൂഹങ്ങളിൽ നിന്ന് ഈ ഉമ്മത്തിനെ വാളിന്റെ ശക്തി കൊണ്ട് സ്വാതന്ത്രമാക്കുമെന്നും മറ്റെല്ലാവരേയും ഇസ്ലാമിൽ പ്രവേശിപ്പിക്കുമെന്നുമായിരുന്നു. അതിനാൽ ആ നാളിനെ ഞാൻ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. പിന്നീട് എന്റെ ഭർതൃ സഹോദരൻ മുഖേന ജമാഅത്തുമായി എനിക്ക് ബന്ധപ്പെടാൻ സാധിച്ചു. അവൻ എന്നോട് ജമാഅത്തിനെ കുറിച്ച് എപ്പോഴും സംസാരിക്കുകമാത്രമല്ല ചെയ്തത്, മസീഹ് മൗഊദ് ﷺ ന്റെ അറബി ഗ്രന്ഥങ്ങളും മറ്റു സാഹിത്യങ്ങളും അയച്ചു തരികയും ചെയ്തിരുന്നു. ആ ഗ്രന്ഥങ്ങളിൽ എനിക്ക് അനർഘങ്ങളായ മുത്തുകൾ ലഭിച്ചു. ഇങ്ങനെയുള്ള ആത്മജ്ഞാന നിർഭരമായ കാര്യങ്ങൾ ഇതിനുമുമ്പ് ജീവിതത്തിൽ ഞാൻ വായിച്ചിട്ടില്ലായിരുന്നു.

ആ അറബി വചനങ്ങൾ സാഹിത്യസമ്പുഷ്ടത നിറഞ്ഞതും വൈജ്ഞാനികവും ദൈവജ്ഞാന നിർഭരവും ആയിരുന്നു. അവയെല്ലാം അമൂല്യങ്ങളായ മുത്തുകൾ പോലെയായിരുന്നു.
എനിക്ക് ഇവയെല്ലാം തികച്ചും നൃൂതനമായിരുന്നു. അങ്ങനെയുള്ള മുത്തുരത്നങ്ങൾ വായിക്കാൻ കഴിയുമ്പോഴാണ് വായനക്കാരന് ദൈവവുമായി ബന്ധം സ്ഥാപിതമാകുന്നത്. അങ്ങനെ പൂർണ്ണ തൃപ്തി കൈവരിച്ചതിനു ശേഷം ഞാൻ ബൈഅത്ത് ചെയ്തു.

അൽ ജസാഇറിൽ നിന്ന് ഇഹ്ജാസ് സാഹിബ് എഴുതുന്നു. ഇക്കാലത്തെ ജീർണ്ണിച്ച ഇസ്‌ലാമിക അധ്യാപനങ്ങൾ കൊണ്ടും വിശുദ്ധ ഖുർആന്റെ തെറ്റായ വ്യാഖ്യാനങ്ങൾ ക്കൊണ്ടും ഞാൻ പൂർണമായും നിരാശനായിക്കഴിഞ്ഞിരുന്നു. ഉലമാ വർഗത്തിന്റെ വ്യാഖ്യാനങ്ങൾ കേൾപ്പിക്കുമ്പോൾ ഇത് അല്ലാഹുവിന്റെ വചനങ്ങൾ തന്നെയാണോ എന്ന് സംശയിച്ചു പോയിരുന്നു. അങ്ങനെയിരിക്കെ ഉർദനിലെ ഒരഹ്മദി സുഹൃത്തുമായി അഹ്മദിയ്യത്തിനെയും അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുടെ ഗ്രന്ഥങ്ങളുമായും ബന്ധപ്പെടാൻ സാധിച്ചു. മസീഹ് മൗഊദ് ﷺ ന്റെ തഫ്സീർ വായിക്കുന്നതിന് മുമ്പ് നഫൽ നമസ്കരിച്ച് അല്ലാഹു സത്യമാർഗ്ഗത്തിലേക്ക് വഴികാട്ടട്ടെയെന്ന് ദുഃആ ചെയ്തു. വായിച്ചു മുന്നോട്ട് പോകുന്നതനുസരിച്ച് ഹൃദയം തുറക്കാൻ തുടങ്ങി. ഈ വാക്കുകളുടെ പ്രഭാവം കാരണം ശരീരം വിറകൊണ്ടു. ഇത് ഒരു സാധാരണ മനുഷ്യന്റെ വാക്കുകളെല്ലന്നും ദൈവിക വെളിപാടുകളാണെന്നും ബോധ്യമായി.

അബൂദാബിയിൽ നിന്നും ഫറാ സാഹിബ് എഴുതുന്നു. ഹ: മസീഹ് മൗഊദ് ﷺ ന്റെ ലഭിച്ച പുസ്തകങ്ങളുടെ വായനയിലൂടെയും എം.ടി.എ.യിലെ പ്രോഗ്രാം അൽ ഹിവാരുൽ മുബാശർ കാണുന്നതിലൂടെയും ജമാഅത്തിന്റെ വിശ്വാസങ്ങളെന്താണെന്ന് എനിക്ക് മനസ്സിലായി. തുടക്കത്തിൽ അജ്ഞത കാരണവും മുൻ വിശ്വാസം കാരണമായും നിഷേധിക്കുകയാണ് ചെയ്തിരുന്നത്. എന്നാൽ വിശുദ്ധ ഖുർആനും ഹദീസുകളും അതേപോലെ അല്ലാഹുവിന്റെ നടപടി ചട്ടവും ശ്രദ്ധാപൂർവ്വം പഠന വിധേയമാക്കിയപ്പോൾ എന്റെ ഹൃദയം സംതൃപ്തിയടഞ്ഞു. ഇപ്പോൾ എന്റെ മുമ്പിൽ രണ്ട് വഴികളാണ് തുറക്കപ്പെട്ടത്. ഒന്നെങ്കിൽ ഈസാ നബി ﷺ ആകാശത്ത് നിന്ന് ഇറന്നങ്ങുന്നതും കാത്ത് ഇരിക്കുക. അതിനു മുമ്പ് ദജ്ജാലിനെ പ്രത്യക്ഷപ്പെടുന്നതും പ്രതീക്ഷിച്ചിരിക്കുക. ദജ്ജാലിന്റെ ചില ഗുണങ്ങൾ പറയപ്പെട്ടത് അല്ലാഹുവിന് മാത്രം ചേരുന്ന ഗുണങ്ങളാണ്. മരിച്ചവരെ ജീവിപ്പിക്കുക തുടങ്ങിയവ. അതേപോലെ ജിന്നുകളുടെയും ഭൂതങ്ങളുടെയും കഥകളിൽ വിശ്വസിക്കുക. വിശുദ്ധ ഖുർആനിൽ ദുർബലപ്പെട്ട ആയത്തുകളുണ്ടെന്നും മറ്റും വിശ്വസിച്ചിരിക്കുക.

രണ്ടാമത്തെ വഴി ഹ: അഹ്മദ് ﷺ നെ വാഗ്ദത്ത മസീഹും മഹ്ദിയുമായി അംഗീകരിക്കുക. അദ്ദേഹം ഇസ്‌ലാമിനെ കുറാഫത്തിൽ നിന്നും ശുദ്ധമാക്കുകയുണ്ടായി. ഇസ്‌ലാമിന്റെ മനോഹര മുഖത്തെ പ്രശോഭിതമാക്കി കാണിക്കുകയുണ്ടായി. നബി ﷺ ക്കെതിരിൽ വരുന്ന ആക്ഷേപങ്ങളെ പ്രതിരോധിക്കുകയും ചെയ്തു. ഞാൻ അല്ലാഹുവിനോട് സഹായമർഥിച്ചു. കുറേ ദുഃആ ചെയ്തു. അല്ലാഹുവേ നീ വഴിക്കാട്ടേണമേ എന്ന് തേടി. സത്യത്തിന്റെയും നിന്റെ പ്രീതിയുടെയും മാർഗ്ഗത്തിൽ എന്നെ ചലിപ്പിക്കേണമേ എന്ന് അപേക്ഷിച്ചു. അതിനു ശേഷം അഹ്മദിയ്യാ ജമാഅത്തിലേക്കും ഹ: അഹ്മദ് ﷺ ലേക്കും ആ ഹൃദയബന്ധം എനിക്ക് തോന്നിത്തുടങ്ങി. ഞാൻ നിയമങ്ങൾ വായിച്ചിട്ടുണ്ട്. നബി ﷺ യുടെ മദഹിൽ മസീഹ് മൗഊദ് ﷺ ന്റെ പദ്യവരികൾ കേട്ടപ്പോൾ എന്റെ ശരീരം വിറകൊള്ളാൻ തുടങ്ങി. ഞാൻ ഉച്ചത്തിൽ പറഞ്ഞു. ഇങ്ങനെയുള്ള പദ്യങ്ങൾ ഒരിക്കലും ഒരു കള്ളവാദിക്ക് പറയാൻ കഴിയില്ല. ഒരു കള്ളവാദിയുടെ ഹൃദയത്തിൽ തിരുനബി ﷺ യോട് ഇത്രമാത്രം സ്നേഹം എങ്ങിനെ ഉണ്ടാകാനാണ്. മാത്രമല്ല ഒരു അനറബിക്ക് ഇത്രയും സാഹിത്യ സംഭുഷ്ടമായ രീതിയിൽ അറബി ഭാഷ പ്രയോഗിക്കുക എന്നതും ദൈവിക സഹായമില്ലാതെ സാധ്യമേ അല്ല.

ഇറ്റലിയിൽ താമസിക്കുന്ന അറബി അബ്ബാസ് സാഹിബ് എഴുതുന്നു. ഞാൻ മൗലവിമാരുടെ കഥകൾ കേട്ട് മടുത്ത് എം.ടി.എ കാണുന്നതിൽ മുഴുകിയിരുന്നു. ഒരു ദിവസം ഞാൻ അൽ ഹിവാറുൽ മുബാശിർ പരിപാടി കാണുകയായിരുന്ന വേളയിൽ ഹ: മസീഹ് മൗഊദ് ﷺ ന്റെ അറബി ഖസീദ ഇട്ടിരുന്നു.

**ഇൽമീ മിനർറഹ്മാനി ദിൽ ആലാഇൗ**
**ബില്ലാഹി ഖുസ്ത്തുൽ ഫള്‌ല ലാ ബിദഹാഇൗ**

ഈ വരികൾ കേൾക്കുമ്പോൾ ഞാൻ ഹ: മസീഹ് മൗഊദ് ﷺ ന്റെ ഫോട്ടോയും നോക്കുന്നുണ്ടായിരുന്നു. അങ്ങനെ പെട്ടെന്ന് അനിയന്ത്രിതമായി എന്റെ നാവിൽ നിന്നും ഇപ്രകാരം വന്നു. അല്ലാഹുവാണെ സത്യം! ഈ വ്യക്തി ഒരിക്കലും കള്ളവാദിയല്ല. ഇദ്ദേഹം തീർച്ചയായും അല്ലാഹുവിന്റെ വരിഷ്ഠ ദാസനാണ്. അല്ലാഹുവിനേയും അവന്റെ റസൂലിനെയും നിന്ദിക്കുന്ന വചനങ്ങൾ ഒരിക്കലുമല്ല ഇത്.

മറാക്കിശിയിലെ ഖാലിദ് സാഹിബ് പറയുന്നു: ''അഹ്മദിയത്തിനെ പരിചയപ്പെട്ടതിനു ശേഷം എനിക്ക് അത്ഭുതം തോന്നിയ ഒരു കാര്യം, ഇമാം മഹ്ദി വരികയും പോവുകയും ചെയ്തിരിക്കുന്നു. ഇപ്പോഴാണ് നാം അദ്ദേഹത്തെ കുറിച്ച് അറിയുന്നത്. ഇത് ചിന്തിച്ച് അല്ലാഹുവിനോട് വഴിക്കാട്ടാനായി അപേക്ഷിച്ചു. ജമാഅത്തിന്റെ അറബി വെബ് സൈറ്റിലുള്ള പുസ്തകങ്ങൾ വായിച്ചു തുടങ്ങി. ആദ്യം ഞാൻ വായിച്ച പുസ്തകം ഇസ്‌ലാം മത തത്വജ്ഞാനത്തിന്റെ അറബി വിവർത്തനം പല പ്രവശ്യം വായിക്കുകയുണ്ടായി. ഈ ഗ്രന്ഥത്തിൽ **അദ്‌ൽ, ഇഹ്സാൻ, ഈതാ ഇദിൽ ഖുർബാ** എന്നീ വിഷയങ്ങൾ വായിച്ചപ്പോൾ എന്റെ മനസ്സും ആത്മനിർവൃതിയിലാണ്ടു. ഇതിനുശേഷം **അത്തബ്ലീഗ്** എന്ന ഗ്രന്ഥവും മറ്റു പുസ്തകങ്ങളും വായിച്ചു. ഈ പുസ്തകങ്ങളിൽ മതവിജ്ഞാനത്തിന്റെ നദി തന്നെ ഒഴുകുകയുണ്ടായി. അത് വായിക്കുമ്പോൾ എന്റെ നാവിൽ പലപ്പോഴായി ഇപ്രകാരം വന്നു. എനിക്ക് ഖജനാവ് കിട്ടിയിരിക്കുന്നു.''

മറാ സാഹിബിനെ കുറിച്ച് ഹാനീ താഹിർ സാഹിബ് എഴുതുന്നു. നമ്മുടെ വെബ്സൈറ്റിൽ മസീഹ് മൗ ഊദ് ﷺ ന്റെ മറിയം ആയതിനെകുറിച്ചും മറിയമിൽ ആത്മാവിന്റെ ഊത്തിനെ കുറിച്ചുമെല്ലാം അദ്ദേഹം ചോദിക്കുകയുണ്ടായി. അദ്ദേഹവുമായി ബന്ധപ്പെടുകയും ഇതു സംബന്ധമായ ലേഖനങ്ങളും ഹ: മസീഹ് മൗഊദ് ﷺ ന്റെ ഉദ്ധരണികളും അദ്ദേഹത്തിന് അയച്ചു കൊടുത്തു. അത് അദ്ദേഹത്തെ സ്വാധീനിച്ചു. യാഥാർത്ഥ്യം മനസ്സിലാക്കുകയും ചെയ്തു. അദ്ദേഹം പറയുന്നു: ''ഹുസൂറിന്റെ അത്തബ്ലീഗ് എന്ന ഗ്രന്ഥം എന്റെ ഹൃദയം തുറന്നു. എനിക്ക് വളരെയധികം സന്തോഷം ഉണ്ടായി. ഇക്കാലത്തും പ്രവാചകന്മാരുടെ ദീപ്തമായ വചനങ്ങൾ വായിക്കാൻ എനിക്ക് സാധിക്കുന്നു. മുമ്പുള്ള സംശയങ്ങളെ ഓർത്ത് ദുഃഖിക്കുകയും ചെയ്തു.''

യമനിലെ അത്താമീ സാഹിബ് എഴുതുന്നു: ഞാൻ ഒരു പത്രപ്രവർത്തകനും ഗവേഷകനുമാണ്. എനിക്ക് എന്താണ് യാഥാർഥ്യമെന്നറിയാൻ ആഗ്രഹമുണ്ടായിരുന്നു. ജമാഅത്തിന്റെ എതിരാളികളുടെ ഗ്രന്ഥം വായിച്ചു. അതിൽ വെറും രൂക്ഷമായ

ആക്ഷേപങ്ങളും കുഫ്റ് ഫത്‌വകളുമാണുള്ളത്. കൂടുതൽ ഗവേഷണത്തിന് ശേഷം എനിക്ക് മനസ്സിലായത് മുമ്പ് ആക്ഷേപിക്കപ്പെട്ട കാര്യങ്ങൾ മാത്രമാണ് ഉള്ളത്. മറുഭാഗത്ത് ഹ: മസീഹ് മൗഊദ് عليه السلام ന്റെ അറബി പരിജ്ഞാനം പോലെയുള്ള മുഅ്ജിസത്തുകൾ കൂടാതെ ഇമാം മഹ്ദിയെ ഫാർസി വംശത്തിൽ നിന്ന് വെളിപ്പെടുത്തുക എന്നതും ഒരു മുഅ്ജിസത്താണ്. അറബികളിൽ നിന്ന് തന്നെ മഹ്ദിവരണമെന്നില്ല. ഹിദായത്തും നുബുവ്വത്തും അറബികൾക്ക് മാത്രമുള്ളതല്ല. ലോകത്തുള്ള മറ്റുള്ളവർ എന്ത് തെറ്റാണ് ചെയ്തത്? അവസാനകാലത്ത് ഇസ്‌ലാം 'ഗരീബ്' ആകും എന്നതിന്റെ ഒരർത്ഥം ഞാൻ മനസ്സിലാക്കുന്നത് ഇസ്‌ലാമിന്റെ പുനർജനനം അനറബിയായ നാട്ടിൽ നിന്നായിരികും തുടങ്ങുക എന്നതുമാണ്.

മസീഹ് മൗഊദ് عليه السلام ന്റെ ഗ്രന്ഥം വായിച്ചപ്പോൾ എനിക്ക് മനസ്സിലായത് ജനങ്ങൾ മറന്നു പോയിരുന്ന, വികൃതമാക്കപ്പെട്ടിരിക്കുന്ന ഇസ്‌ലാമിന്റെ ശരിയായ പാഠങ്ങൾ അദ്ദേഹം സമർപ്പിക്കുകയുണ്ടായി. ഇസ്‌ലാം സമാധാനത്തിന്റെ ശാന്തിയുടെ പര്യായമാണ്. എന്നാൽ മുസ്‌ലീംകൾ പരസ്പരം തമ്മിലടിച്ച് മരിക്കുകയാണ്. ചിലർ രക്ത ദാഹിയായ മഹ്ദിയെയും ചിലർ ഗുഹയിൽ നിന്നും വരുന്ന മഹ്ദിയെയും പ്രതീക്ഷിച്ചിരിക്കുകയാണ്. എന്നാൽ യഥാർത്ഥ മഹ്ദിയെ വിശ്വസിച്ചുകൊണ്ട് അദ്ദേഹത്തെ പിൻ പറ്റുന്ന ഒരു സംഘം അഹ്മദിയ്യാ ജമാഅത്താണ്.

ഇറാനിലെ ഇയാദ് സാഹിബ് പറയുന്നു: "എന്റെ ജനനവും പരിപാലനവും ശിയ കുടുംബത്തിലാണ് നടന്നത്. അവിടെ തുടക്കം മുതൽ തന്നെ മതബോധമുണ്ടായിരുന്നു. വിവിധ പുസ്തകങ്ങൾ വായിക്കുകയും ടി.വി. പ്രോഗ്രാമുകൾ കാണുകയും ചെയ്തിരുന്നു. എന്നാൽ അതിലെല്ലാം ഇസ്‌ലാമിനെ സമർപ്പിക്കുന്ന രീതി കാണുമ്പോൾ ഒരിക്കലും സംതൃപ്തി കൈവന്നിരുന്നില്ല. ഇസ്‌ലാം സമർപ്പിക്കപ്പെടുന്ന രീതിയിൽ എന്തോ ന്യൂനതയുണ്ടെന്ന് മനസ്സിൽ തോന്നിയിരുന്നു. കാരണം ഖുർആൻ പറയുന്നത് ആളുകൾ കൂട്ടംകൂട്ടമായി ഈ മതത്തിൽ പ്രവേശിക്കുമെന്നാണ്. എന്നാൽ ഇക്കാലത്ത് ജനങ്ങളിൽ ബഹിഭൂരിഭാഗവും ഇസ്‌ലാമിന്റെ യാഥാർഥ്യം അറിയാത്തവരാണ്. ഇതിൽ നിന്നും എനിക്ക് ഉറച്ച വിശ്വാസം വന്നത് ഇപ്പോൾ നടപ്പിലുള്ള ആശയങ്ങൾ തിരുത്തേണ്ടിയിരിക്കുന്നു എന്നാണ്.

ഒരിക്കൽ എന്റെ സുഹൃത്ത് എന്നെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് ക്ഷണിച്ചു. എം.ടി.എ. പരിചയപ്പെടുത്തുകയുണ്ടായി. ഇതിനു ശേഷം ഞാൻ ഹിവാറുൽ മുബാശിറും അതേപോലെ മറ്റു പ്രോഗ്രാമുകളും കാണുകയുണ്ടായി. അതിൽ നിങ്ങളുടെ വിശുദ്ധ ഖുർആൻ തഫ്സീർ വിവിധ വിഷയങ്ങളെ കുറിച്ചുള്ള അതിഗഹനമായ വൈജ്ഞാനിക ചർച്ചകൾ എന്നെ സ്വാധീനിച്ചു. ആദ്യമായാണ് വൈജ്ഞാനികമായ രീതിയിൽ ഏതെങ്കിലും ചാനലിൽ ഇസ്‌ലാമിനെ സമർപ്പിക്കുന്നതായി കാണുന്നത്. അതേപോലെ ചോദ്യ കർത്താക്കളുടെ ചോദ്യങ്ങൾക്ക് യുക്തി ഭദ്രവും പ്രമാണ ബന്ധവുമായ രീതിയിൽ മറുപടി പറയുന്നത് കണ്ടത്. അത്ഭുതകരമായ മറ്റൊരു കാര്യം ഞാൻ കണ്ടത് ഈ ഉലമാക്കൾ ശിയാക്കളെ സംവാദത്തിന് സധൈര്യം വെല്ലുവിളിക്കും. എന്നാൽ അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ വെറും കുഫ്റ് ഫത്‌വകളാണ് പുറപ്പെടുവിക്കുന്നത്. അവർ ചീത്ത പറയുകയും ചെയ്യുന്നു. കാരണം അഹ്മദിയ്യാ ജമാഅത്തിന്റെ ശക്തമായ തെളിവുകളെ അവർക്ക് നേരിടാൻ കഴിയുമായിരുന്നില്ല. അഹ്മദികളെ ജയിലിലിടക്കുന്നു. വധിക്കുന്നു. അപ്പോൾ എനിക്ക് മനസ്സിലായത് ജമാഅത്തിന്റെ എതിരാളികളുടെ കൈവശം ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്തുക എന്നല്ലാതെ മറ്റൊന്നും ഇല്ല. ഞാൻ എം.ടി.എ കാണുമ്പോഴൊക്കെ എന്റെ വിശ്വാസം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിശുദ്ധ ഖുർആനിൽ ഏതെങ്കിലും രീതിയിലുള്ള **നുസ്ഖ്** ഇല്ലെന്ന വിശ്വാസം കേട്ടപ്പോൾ ഇസ്‌ലാമിനോടുള്ള നിങ്ങളുടെ സ്നേഹത്തിൽ ഒരു സംശയവും അവശേഷിച്ചില്ല. മറ്റു മതങ്ങളുടെ മേൽ ഇസ്‌ലാമിന്റെ മേന്മ സ്ഥാപിക്കുന്നതിനായും ഇസ്‌ലാമിന്നെതിരിൽ വരുന്ന ആക്ഷേപകങ്ങൾക്ക് മറുപടി പറയുന്നതിനും വേണ്ടി ഹ: മസീഹ് മൗഊദ് عليه السلام ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥം എഴുതിയിട്ടുണ്ടെന്നും അറിഞ്ഞപ്പോൾ നിങ്ങൾക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുന്നതിലുള്ള ആവേശം എത്രമാത്രമുണ്ടെന്ന് ദൃഢബോധ്യം വന്നു. ഹ: മസീഹ് മൗഊദ് عليه السلام ന്റെയും അതേപോലെ ഖലീഫമാരുടെയും ഗ്രന്ഥങ്ങൾ വായിച്ചു. ഇവർ സാധാരണക്കാരല്ല, മറിച്ച് ഇസ്‌ലാമിന്റെ നേതൃത്വ നിരയിലുള്ളവരാണെന്നും ഇവരെ ഇസ്‌ലാമിന് ആവശ്യമുണ്ടെന്നും മനസ്സിലായി. ഹുസൂർ ﷺ ന്റെ അറബി ഭാഷയിലുള്ള നൈപുണ്യം, അറബികളേയും അനറബികളേയും അറബി ഭാഷയിൽ നേരിടാൻ വെല്ലുവിളി നടത്തുന്നത് എതിരാളികൾക്ക് അവരുടെ മഹത്വം സ്ഥാപിച്ചു കാണിക്കാൻ സുവർണാവസരം ഒരുക്കി ക്കൊടുക്കുകയുമായിരുന്നു. എന്നാൽ അവർക്കത് തെളിയിക്കാൻ സാധിച്ചില്ല. ഇവയെല്ലാം തന്നെ ആ മഹാത്മാവിൽ വിശ്വസിക്കാനല്ലാതെ മറ്റൊരു മാർഗ്ഗവും എനിക്കായി തുറന്ന് തന്നില്ല. ജമാഅത്തിന്റെ യാഥാർഥ്യങ്ങൾ മനസ്സിലാക്കിയതിനു ശേഷം ഇതിന്റെ തബ്‌ലീഗ് നടത്തുക എന്നത് എന്റെ ഫർളായി ഞാൻ മനസ്സിലാക്കുന്നു."

ഇങ്ങനെയുള്ള എത്രയോ സംഭവങ്ങളുണ്ട്. അതിൽ ചിലതാണ് ഞാൻ കേൾപ്പിച്ചത്. അടയാളമായി ബന്ധപ്പെട്ട് ഹ: മസീഹ് മൗഊദ് عليه السلام പറയുന്നു: "ശതക്കണക്കിന് അടയാളങ്ങൾ തന്റെ കരങ്ങളാൽ വെളിപ്പെട്ട വ്യക്തിയാണ് ഞാൻ. അടയാളങ്ങൾ കാണിക്കുന്നതിൽ എന്നോട് മത്സരിച്ച് എന്നെ പരാജയപ്പെടുത്താൻ കഴിവുള്ള ഏതെങ്കിലും വ്യക്തി ലോകത്തുണ്ടോ? എന്റെ ജീവൻ കയ്യിലിരിക്കുന്ന അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു: ഇതുവരെ രണ്ട് ലക്ഷത്തിൽ കൂടുതൽ അടയാളം എന്റെ കൈകളാൽ പ്രത്യക്ഷപ്പെടുകയുണ്ടായി. പതിനായിരത്തിൽ കൂടുതൽ ആളുകൾ തിരുനബി ﷺ യെ ദർശനത്തിൽ കാണുകയും ആ മഹാത്മാവ് എന്നെ സത്യപ്പെടുത്തുകയും ചെയ്തു. ഈ നാട്ടിലുള്ള പ്രസിദ്ധരായ, മൂന്നും നാലും ലക്ഷം ശിശ്യന്മാർ ഉള്ള, കശ്ഫ് ദർശിക്കുന്ന ഭക്തജനങ്ങൾക്ക് ദർശനത്തിൽ ഈ വ്യക്തി ദൈവത്തിൽ നിന്നുള്ളവനാണെന്ന് കാണിച്ചു കൊടുക്കുകയുണ്ടായി. അവരിൽ ചിലർ എന്റെ ആഗമനത്തിന്റെ 30 വർഷം മുമ്പ് ഈ ലോകത്തോട് വിടപറഞ്ഞവരായിരുന്നു.

ഗുലാബ് ശാ എന്ന് പേരുള്ള ലുധിയാന യിലുള്ള ഒരു ഭക്തനും ഇതിൽപ്പെടുന്നു. അദ്ദേഹം ജമാൽ പൂരിലെ മിയാൻ കരീം ബഗ്ശിനോട് ഈസ ഖാദിയാനിൽ ജനിച്ചിട്ടുണ്ട് എന്നും അദ്ദേഹം ലുധിയാനയിൽ വരുമെന്നും പറഞ്ഞിരുന്നു. മിയാൻ കരീം ബഗ്ശ് സാത്വികനും പ്രായം ചെന്ന ആളുമായിരുന്നു. ലുധിയാനയിൽ ഞാനുമായി അദ്ദേഹം കാണുകയുണ്ടായി. ഈ പ്രവചനങ്ങളെല്ലാം എന്നോട് പറഞ്ഞു. അതുകാരണം മൗലവിമാർ അദ്ദേഹത്തെ വളരെയധികം പ്രയാസത്തിലകപ്പെടുത്തുകയുണ്ടായി. എന്നാൽ അദ്ദേഹം അതൊന്നും വകവെച്ചില്ല. അദ്ദേഹം എന്നോട് പറയുകയാണ്. "ഗുലാബ് ശാ എന്നോട് പറയുമായിരുന്നു. ഈസബ്നു മർയം ജീവിച്ചിരിപ്പില്ല. അദ്ദേഹം മരിച്ചു പോയിരിക്കുന്നു.

അദ്ദേഹം തിരിച്ച് ലോകത്തേക്ക് വരില്ല. ഈ ഉമ്മത്തിനായി മിർസാ ഗുലാം അഹ്മദ് ഈസയാണ്. അല്ലാഹുവിന്റെ ഖുദ്റത്തും യുക്തിയും അദ്ദേഹത്തെ മുമ്പുള്ള ഈസയോട് സാദൃശ്യമാക്കിയിരിക്കുകയാണ്. ആകാശത്ത് അദ്ദേഹത്തിന്റെ പേര് ഈസ എന്നാണ്.'' എന്നിട്ട് പറഞ്ഞു: കരീം ബഗ്ശ്! ആ ഈസ വന്നാൽ മൗലവിമാർ അദ്ദേഹത്തെ എന്തു മാത്രം എതിർക്കും എന്ന് നീ കാണുന്നതാണ്. അവർ ശക്തമായി എതിർക്കും. എന്നാൽ അവർ പരാജയപ്പെടുന്നതാണ്. ലോകത്ത് അദ്ദേഹം വരുന്നത് വിശുദ്ധ ഖുർആനോട് ചേർത്തിരിക്കുന്ന തെറ്റായ അടിക്കുറിപ്പുകൾ ദുരീകരിക്കുന്നതിനും വിശുദ്ധ ഖുർആന്റെ യഥാർഥ മുഖം ലോകത്തിന് കാണിച്ചു കൊടുക്കുന്നതിനും വേണ്ടിയാണ്. ഈ പ്രവചനത്തിൽ ആ ഭക്ത വത്സൻ വ്യക്തമാക്കിയിരിക്കുന്ന മറ്റൊരു കാര്യം. ആ ഈസയെ കാണുന്നത്ര കാലം വരെ അദ്ദേഹം ജീവിച്ചിരുക്കുന്നതാണ് എന്നാണ്.''

തിരുനബി ﷺ ചിലരെ സ്വപ്നത്തിലൂടെ വഴി കാണിക്കുകയുണ്ടായി എന്ന് പറയുകയുണ്ടായി. ഹ: മസീഹ് മൗഊദ് (عليه السلام) ന്റെ കാലത്ത് ബൈഅത്ത് ചെയ്തവരുടേയും അതിനു ശേഷമുള്ളവരുടേയും സംഭവങ്ങളും വിവരിക്കുന്നതാണ്.

ഹ: മിയാൻ അബ്ദുർ റശീദ് സാഹിബ് (رضي الله عنه) വിവരിക്കുന്നു. എനിക്ക് ബൈഅത്ത് ചെയ്യാനുള്ള പ്രേരണ ലഭിച്ചത് എന്റെ പിതാവിന്റെ പ്രോത്സാഹനവും ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിലുമാണ്. ഞാൻ നബി ﷺ യെ സ്വപ്നത്തിൽ കണ്ടു. തിരുനബി ﷺ ഒരു കട്ടിലിൽ കിടക്കുന്നു. ശക്തമായ അസുഖം ബാധിച്ചിട്ടുണ്ട്. ഹ: മസീഹ് മൗഊദ് (عليه السلام) രോഗിയെ പരിപാലിക്കാൻ നിൽക്കുന്നതുപോലെ അദ്ദേഹത്തിന്റെ അടുത്ത് നിൽക്കുന്നുണ്ട്. നബി ﷺ കട്ടിലിൽ നിന്നും മസീഹ് മൗഊദിന്റെ തോളിൽ പിടിച്ച് എഴുന്നേറ്റ് നിന്നു. ഈ അവസ്ഥയിൽ നബി ﷺ പ്രസംഗിക്കാൻ തുടങ്ങി. അതിൽ ഹ: മസീഹ് മൗഊദ് (عليه السلام) ന്റെ സത്യസാക്ഷ്യമാണ് വിവരിച്ചിരുന്നത്. അതിന്ശേഷം സ്വപ്നത്തിൽ കാണുന്നത് നബി ﷺ ആരോഗ്യവാനായി കഴിഞ്ഞിരിക്കുന്നു. ആ മഹാത്മാവിന്റെ വദന ബിംബം പ്രകാശപൂർണമായിരിക്കുന്നു. ഇതിൽ നിന്നും ഞാൻ മനസ്സിലാക്കിയത് ഇസ്ലാം ഹ: മസീഹ് മൗഊദ് (عليه السلام) മുഖേന വീണ്ടും ജീവിക്കുന്നതാണ്. ഈ സ്വപ്നത്തിന് ശേഷം ഞാൻ ബൈഅത്ത് ചെയ്തു.''

അബ്ദുല്ലാഹ് സാഹിബിന്റെ മകൻ അബ്ദുസ്സത്താർ സാഹിബ് പറയുന്നു: ''ഞാൻ എന്റെ പിതാവിനോട് ചോദിച്ചു: ''മസീഹ് നാസിറി മരിച്ചോ എന്ന വിഷയം നമുക്കറിയില്ല. ജീവിച്ചിരിപ്പുണ്ടെന്നറിയാം. ഇത് എന്താണെന്ന് പറഞ്ഞ് തന്നാലും.'' ബൈഅത്തിന് അഞ്ചെട്ട് മാസം മുമ്പുള്ള തന്റെ ഒരു സ്വപ്നം പിതാവ് എന്നെ കേൾപിച്ചു. ഞാൻ രവി നദിക്കരയിൽ രണ്ട് തമ്പുകൾ കാണുന്നു. ഒന്ന് മസീഹ് മൗഊദിന്റെയും മറ്റേത് തിരുനബിയുടെതും. ഞാൻ നബി ﷺ യുടെ തമ്പിൽ പ്രവേശിച്ചു. എന്നിട്ട് ചോദിച്ചു: ''വാഗ്ദത്ത മസീഹ് എന്ന് വാദിക്കുന്ന വ്യക്തി എങ്ങനത്തെ ആളാണ്?'' നബി ﷺ പറഞ്ഞു: ''വളരെ പ്രാപ്തനാണ് എന്ന് വിരൽ ചൂണ്ടിക്കൊണ്ട് മൂന്ന് പ്രാവശ്യം പറയുകയുണ്ടായി. പൂർണ സാക്ഷ്യം ലഭിച്ചപ്പോൾ വാഗ്ദത്ത മസീഹ് തന്റെ വാദത്തിൽ സത്യസന്ധനാണെന്ന് മനസ്സിലായി. ഈസാ നബിയുടെ ജീവൽ മരണ പ്രശ്നം അറിയേണ്ട കാര്യം നമുക്കില്ല. അങ്ങനെ ബൈഅത്ത് ചെയ്തു പ്രവേശിച്ചു.''

സർദാർ കറം ദാദ് സാഹിബ് രിവായത്ത് ചെയ്യുന്നു. ഹ: മസീഹ് മൗഊദ് (عليه السلام) നെ ബൈഅത്ത് ചെയ്യുന്നതിനു മുമ്പേ സ്വപ്നത്തിൽ കാണ്ടു. റോഡിലൂടെ നബി ﷺ യും മസീഹ് മൗഊദ് (عليه السلام) ഉം നടന്നുവരുന്നുണ്ട്. ഞാൻ അവരുടെ മുമ്പിലൂടെ വരുന്നു. മുഹമ്മദ് റസൂലുല്ലാഹ് ﷺ എന്നെ നോക്കി, ഇദ്ദേഹം ദൈവത്തിൽ നിന്നാണെന്ന് മൂന്ന് പ്രാവശ്യം ആവർത്തിച്ച പറയുകയുണ്ടായി. 1902 ൽ ഞാൻ ഖാദിയാനിൽ വന്ന് ചെറിയ മസ്ജിദിൽ വന്ന് ബൈഅത്ത് ചെയ്തപ്പോൾ അതേ രൂപത്തിൽ മസീഹ് മൗഊദ് (عليه السلام) നെ കാണുകയുണ്ടായി.

തിരുനബി ﷺ വഴി കാട്ടുന്നതിന്റെ സംഭവങ്ങൾ ഇക്കാലത്തും നാം കാണുന്നു. മുഹമ്മദ്ബ്നു അഹ്മദ് സാഹിബ് ജർമ്മനി എഴുതുന്നു. കുറേ കാലമായി ഞാനിതെഴുതാൻ ആഗ്രഹിക്കുകയായിരുന്നു. എന്നാൽ കഴിയാതെ വന്നു. പ്രത്യേകമായ ഒരാത്മീയ അവസ്ഥയിലാകുമ്പോഴാണ് എഴുതുന്നത്. അല്ലാഹുവിന് തൃപ്തിപ്പെടുമെന്ന് മനസ്സിലാകാത്തതുവരെ എഴുതാൻ ഇരിക്കാറില്ല. ഞാൻ ജർമ്മനിയിൽ ഇഞ്ച്നിയറിങ്ങിന് പഠിക്കുകയായിരുന്നു. കുട്ടിക്കാലവും യുവത്വവും സൗദി അറേബ്യയിൽ എന്റെ കുടുംബത്തോടൊപ്പമാണ് ഞാൻ കഴിച്ചുകൂട്ടിയത്. അവിടെ അഹ്മദിയ്യത്തിന്റെ പേര് പോലും കേട്ടിരുന്നില്ല. 2004 ലോ 2005 ലോ ദർശനത്തിൽ തിരുനബി ﷺ യെ കാണുകയുണ്ടായി. ആ സമയത്ത് ഞങ്ങൾ ഒരു മനോഹരമായ മിനാരത്തിലായിരുന്നു. നബി ﷺ ചൂണ്ടു വിരൽ കൊണ്ട് ചന്ദ്രനിലേക്ക് ചൂണ്ടി. അത് വളരെ പ്രഭാവത്തോടെ ഞങ്ങളുടെ അടുത്തായിരുന്നു. ചന്ദ്ര പ്രകാശം ഞങ്ങൾക്ക് ചുറ്റും നാലു ഭാഗത്തും വ്യാപിച്ചിരുന്നു. അതിന്റെ ഇടയിൽ ഒരു മിനാരം ഉണ്ടായിരുന്നു. നബി ﷺ ഏതിലോക്കോ ചൂണ്ടിക്കൊണ്ട് എന്നോട് പറയുകയാണ്. ആ വ്യക്തിയെ എനിക്ക് മുമ്പ് അറിയില്ലായിരുന്നു. നബി ﷺ വളരെ സ്നേഹവാത്സല്യത്തോടെയാണ് എന്നോട് പെരുമാറിയിരുന്നത്. അത് വിവരിക്കാൻ പ്രയാസമാണ്. തിരുനബി ﷺ അവിടെ നിന്ന് പോയി. തിരുനബിയുടെ മുഖത്ത് മാനവ രാശിയോടുള്ള ദുഃഖവും മനപ്രയാസവും പ്രകടമായിരുന്നു. പിന്നീട് ഞാൻ ഉണർന്നു. ഭൂമിയിൽ നിന്നും ഉയർന്നതു പോലെ എനിക്ക് തോന്നി. ഇതിനു ശേഷം ജനങ്ങളോട് ബന്ധപ്പെടുന്നതും സംസാരിക്കുന്നതും കുറഞ്ഞു വന്നു.

ഈ ദർശനത്തിന്റെ പൊരുൾ എന്താണെന്ന് എനിക്ക് മനസ്സിലായില്ല. എന്റെ പിതാവ് പിന്നീട് ഇതു സംബന്ധമായി പറഞ്ഞു തന്നപ്പോഴാണ് ഞാൻ അത്ഭുതപ്പെട്ടത്. പിതാവ് പറഞ്ഞു: ''അദ്ദേഹത്തിനും നബി ﷺ യുടെ ദർശനം ലഭിച്ചിരുന്നു. ഹുസൂർ ﷺ 1979 ൽ എന്റെ ജനനത്തെകുറിച്ച് സുവാർത്ത നൽകിയിരുന്നു. നിന്റെ വീട്ടിൽ ഒരാൺകുട്ടി ജനിക്കും എന്ന് പറഞ്ഞിരുന്നു. അവന്റെ പേര് മുഹമ്മദ് എന്ന് വെക്കണം. 2007 ലാണ് എന്റെ പിതാവ് ഈ കാര്യം എന്നോട് പറഞ്ഞത്. അതുവരെ അഹ്മദിയ്യത്തിനെകുറിച്ച് എനിക്കൊന്നും അറിയില്ലായിരുന്നു. പിന്നീട് സിറിയയിൽ എന്റെ ഇളയ സഹോദരൻ ജമാഅത്തിന്റെ വെബ്സൈറ്റിനെ കുറിച്ച് പറഞ്ഞു. അതിൽ ഞാൻ ജമാഅത്തിന്റെ പുസ്തകങ്ങൾ വായിച്ചു. ഞങ്ങൾ ചെറുപ്പത്തിൽ സുഹൃത്തുക്കളോട് പറയാറുണ്ടായിരുന്ന അതേ വിശ്വാസമായിരുന്നു ഇതിലുള്ളത്. ദജ്ജാൽ എന്ന് പറഞ്ഞാൽ ഈ ആധുനിക കാലഘട്ടത്തിൽ വ്യവസായിക വിപ്ലവമാണെന്നും ഭൗതികതയിലേക്കുള്ള ആകർഷണമാണെന്നും അതിനെ പ്രചരിപ്പിക്കുന്ന ശക്തിയാണെന്നുമാണ് അത്.

മസീഹ് മൗഊദ് (عليه السلام) ന്റെ പുസ്തകങ്ങളിൽ നിന്ന് ദൈവിക ജ്ഞാനങ്ങളും പകൽ വെളിച്ചം പോലെ വ്യക്തമാകുന്ന അടയാളങ്ങളും വായിച്ച് കരയാറുണ്ടായിരുന്നു എന്ന് ഉറച്ച് വിശ്വസിച്ചാലും.

ഓരോ വാക്കും എന്റെ ആത്മാവിൽ ആണ്ടിറങ്ങും. വിശ്വാസത്തിന്റെ ഈ സമ്പത്തിനെ കുറിച്ച് വിവരിക്കുക എന്നത് പ്രയാസകരമാണ്. വിശ്വാസാദർശങ്ങൾ മുഖേന ജമാഅത്ത് മറ്റുള്ളവരെ കീഴ്പ്പെടുത്തിയ വസ്തുത വ്യക്തമായിരുന്നു. ഇസ്‌ലാമിന്റെ ശരിയായ ആദർശം പ്രചരിപ്പിക്കുന്ന ഈ ജമാഅത്ത് (ഉദാ: വിശുദ്ധ ഖുർആനെ നാസിഖ് മൻസൂഖിൽ നിന്നും വിശുദ്ധമാക്കുന്ന വിശ്വാസം, അതിന്റെ യുക്തിഭദ്രമായ തഫ്സീർ, പ്രവാചകന്മാരുടെ നിഷ്ക്കളങ്കത്വം, ഇസ്‌റാഅ് മിഅ്‌റാജ് എന്നിവയുടെ യാഥാർഥ്യങ്ങൾ) ഇവയെല്ലാം മസിഹ് മൗഊദിന്റെ ജമാഅത്തിന് മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. ഇന്ന് അവർക്ക് താത്കാലിക വിജയം ലഭിച്ചെങ്കിലും അടുത്ത ഭാവിയിൽ പൂർണ്ണ വിജയം ലഭിക്കുന്നതാണ് اِنْ شَآءَاللّٰهُ .

ഡമസ്കസിലെ ഒരു സുഹൃത്ത് സമാൻ സാഹിബ് എഴുതുന്നു. ഞാൻ ഡമസ്കസ് യൂനിവേഴ്സിറ്റിയിൽ നിന്ന് മാത്ത മാറ്റിക്സ്, ഐ.ടി കോഴ്സുകൾ ചെയ്തതിനു ശേഷം കമ്പ്യൂട്ടർ റിപ്പയറിംഗ് കോഴ്സ് ചെയ്തു. അതോടൊപ്പം ഡമസ്കസിലെ ചില പള്ളികളിൽ പോയി യുവാക്കൾക്ക് ഖുർആൻ പഠിപ്പിക്കാൻ തുടങ്ങി. മതവിജ്ഞാനം ഏതെങ്കിലും മത സ്ഥാപനത്തിൽ നിന്ന് ഞാൻ പഠിച്ചതല്ല. സ്വപ്രയതനത്തിലൂടെ വായിച്ച് പഠിച്ചതാണ്. ഒരു സംഭവത്തിന് ശേഷം ദൈവജ്ഞാനം കരസ്ഥമാക്കുന്നതിൽ ഞാൻ മുഴുകുകയുണ്ടായി. അതിനുശേഷം കണ്ട ആദ്യത്തെ സ്വപ്നത്തിൽ എനിക്ക് ഒരു സന്ദേശമുണ്ടായിരുന്നു. അതായത് വിശുദ്ധ ഖുർആൻ തന്നെയാണ് ദൈവജ്ഞാനത്തിന്റെയും വിജ്ഞാനത്തിന്റെയും ഖജനാവ്. ജീവിതത്തിലെ എല്ലാ പ്രയാസങ്ങൾക്കുമുള്ള പരിഹാരം ഇതിൽ അന്വേഷിക്കുക. ഞാൻ വിശുദ്ധ ഖുർആനെ കുറിച്ച് ചിന്തിച്ചപ്പോൾ അതിന്റെ അനുഗ്രഹത്താൽ എന്റെ മടിശ്ശീല നിറയുകയുണ്ടായി. ഒരിക്കൽ രാത്രി നമസ്കാരത്തിൽ അല്ലാഹുവിന്റെ വചനമായ

اَلَّذِيْنَ ضَلَّ سَعْيُهُمْ فِي الْحَيٰوةِ الدُّنْيَا وَهُمْ يَحْسَبُوْنَ اَنَّهُمْ يُحْسِنُوْنَ صُنْعًا ﴿١٠٥﴾

എന്ന് കേട്ട് ഭയക്കുകയുണ്ടായി. നേർമാർഗം കാണിച്ചു തരാൻ അല്ലാഹുവിനോട് അപേക്ഷിച്ചു. അപ്പോൾ രണ്ട് യുവാക്കൾ എന്റെ വാതിലിൽ മുട്ടി. ഖാദിയാനിസത്തിനെകുറിച്ച് ചോദിച്ചു. ഖാദിയാനികൾ കാഫിറാണെന്നതിനെ കുറിച്ച് ഒരു പുസ്തകം എടുത്ത് അവർക്ക് വായിച്ച് കേൾപ്പിക്കാൻ തുടങ്ങി. പെട്ടെന്ന് എനിക്ക് എന്തോ തോന്നി. ഞാൻ പുസ്തകം വായിക്കുന്നത് നിർത്തി അടച്ചു വെച്ചു. ഞാൻ വലിയ തെറ്റല്ലെ ഈ ചെയ്യുന്നത് എന്ന് ചിന്തിച്ചു. ഇതു വരെ ഒരു കാര്യവും അന്വേഷിക്കാത്ത ജമാഅത്തിനെ കുറിച്ചല്ലെ ഈ പറയുന്നതെല്ലാം. അവരെ കുറിച്ച് കേട്ടുകേൾവിയുടെ അടിസ്ഥാനത്തിനാണ് ഞാൻ പറയുന്നത്. പിന്നീട് ബദ്ർ സാഹിബ് എന്ന അഹ്മദിയെ ഞാൻ കണ്ടു. അദ്ദേഹം എനിക്ക് ഹ: മസീഹ് മൗഊദ് عَلَيْهِ السَّلَام ന്റെ ഗ്രന്ഥമായ ഇസ്‌ലാം മത തത്വജ്ഞാനം നൽകി. ആ പുസ്തകം പൂർണമായും വായിച്ചു തീർന്നതിനു ശേഷമാണ് താഴെ വെച്ചത്. ഈ ഗ്രന്ഥകാരന്റെ അസ്തിത്വം മുഴുവനും ഇസ്‌ലാം നിറഞ്ഞിരിക്കുന്നു എന്ന് മനസ്സിലായി. കേട്ടു കേൾവിയുടെ അടിസ്ഥാനത്തിലുള്ള ഇസ്‌ലാമല്ല ഇദ്ദേഹം അവതരിപ്പിക്കുന്നത്. ഇദ്ദേഹം ഇസ്‌ലാമിനെ സ്വയം അനുഭവിച്ചറിഞ്ഞതാണ്. തീർച്ചയായും അല്ലാഹുവിന്റെ ഒരു വരിഷ്ഠ ദാസനാണ്. ഈ പുസ്തകത്തിൽ എന്നെ വളരെയധികം സ്വാധീനിച്ചത് ദൈവിക വെളിപാടും അതേ പോലെ വഹ്‌യും നിലച്ചു പോകില്ല എന്നതുമാണ്. കാരണം ആറു മാസം മുമ്പ് ഞാനൊരു സ്വപനം കണ്ടിരുന്നു. ഞാൻ അല്ലാഹുവിന്റെ മുമ്പിൽ ഹാജറാണ്. അല്ലാഹുവിന്റെ പ്രകാശം വ്യാപിച്ചിരിക്കുന്നു. അപ്പോൾ അല്ലാഹുവിനോട് പറയുന്നു: **ആത്തയ്ത്തുക ദ്ദർഉൽ വാഖിഅ്** ഞാൻ നിനക്ക് നിന്നെ സംരക്ഷിച്ചു നിർത്തുന്ന കവചം നൽകിയിരിക്കുന്നു. ഇതെന്താണെന്ന് എനിക്ക് മനസ്സിലായില്ല. ലജ്ജകാരണം അല്ലാഹുവിനോട് അതെന്താണെന്ന് ഞാൻ ചോദിച്ചില്ല. ഞാൻ പറഞ്ഞു, **സംഅൻ വ ത്വാഅത്തൻ** അപ്പോൾ ഒരു മലക്കിനെ ഞാൻ കണ്ടു. പടയാളിയെ പോലെയാണ് വേഷവിതാനം. ആയുധമെല്ലാം അണിഞ്ഞിട്ടുണ്ട്. ആ മലക്ക് എന്നോട് പറഞ്ഞു: "നിന്റെ സുഹൃത്ത് ബാസിത്തിനോട് പറയുക **ലാ ഇലാഹ ഇല്ലല്ലാഹ്** എന്നതിനോട് കെട്ടിപിടിച്ച് നിൽക്കുക. അതിനു ശേഷം ഹുസൂർ عَلَيْهِ السَّلَام ന്റെ എല്ലാ അറബി പുസ്തകങ്ങളും വായിച്ചു. വളരെയധികം പ്രയോജനമടയുക യുണ്ടായി. അദ്ദേഹത്തിന്റെ രചന എന്നിൽ മാന്ത്രിക വലയം സൃഷ്ടിച്ചു. അതിനുശേഷം ഞാൻ ഇസ്തിഖാര ചെയ്തു. അപ്പോൾ ഈ ആയത്താണ് എനിക്ക് കേൾക്കാൻ കഴിഞ്ഞത്.

فَوَجَدَا عَبْدًا مِّنْ عِبَادِنَآ اٰتَيْنٰهُ رَحْمَةً مِّنْ عِنْدِنَا وَعَلَّمْنٰهُ مِنْ لَّدُنَّا عِلْمًا ﴿٦٦﴾

എനിക്ക് മറ്റൊരിക്കൽ തിരുനബി ﷺ യെ ദർശിക്കാൻ സാധിച്ചു. ഞാൻ ചോദിച്ചപ്പോൾ നബി ﷺ പറഞ്ഞു. ഈ കാലഘട്ട ത്തിലെ ഫിത്നയിൽ നിന്നും രക്ഷപ്പെടാനായി മിർസാ ഗുലാം അഹ്മദ് മാത്രമാണ് മോക്ഷത്തിന്റെ പേടകം.

ആഫ്രിക്കയിലെ വിവിധ തരം ആളുകൾ അടയാളങ്ങൾ കണ്ട് വിശ്വസിച്ച സംഭവങ്ങൾ. നമ്മുടെ മുബല്ലിഗ് അബ്ദുൽ മാലിക്ക് തന്റെ രണ്ട് സുഹൃത്തുക്കളുമായി മുൻസിനാമേ എന്ന സ്ഥലത്ത് തബ്‌ലീഗിനായി പോയി. അവിടത്തെ യുവാക്കൾ തബ്‌ലീഗ് സ്ഥലത്ത് കൂക്കുവിളിയും ഒച്ചപ്പാടും ഉണ്ടാക്കി. അതുകാരണം തബ്‌ലീഗ് പരിപാടി നിർത്തിവെക്കേണ്ടതായി വന്നു. അടുത്ത ദിവസം അവിടത്തുകാർ ഒരു പ്രോഗ്രാമിനായി ഒരു സ്ഥലത്ത് ഒരുമിച്ച് കൂടിയിരുന്നു. പെട്ടെന്ന് ശക്തമായ കാറ്റ് വീശി. മഴയുടെ ഒരു ലക്ഷണവും ഉണ്ടായിരുന്നില്ല. നല്ല കാർമേഘം വന്നു. ശക്തമായ ചുഴലിക്കാറ്റടിച്ചു. ശക്തമായ മഴയും പെയ്തു. അവരുടെ പ്രോഗ്രാം നടത്താൻ സാധിച്ചില്ല. ഈ സംഭവത്തിന് ശേഷം അവിടെയുള്ള ജനങ്ങൾ പറയാൻ തുടങ്ങി. ഈ കാറ്റ് അല്ലാഹുവിന്റെ കോപത്തിന്റെ അടയാളമാണ്. അഹ്മദികളുടെ തബ്‌ലീഗ് തടഞ്ഞതു കൊണ്ടാണ് ഇത് പ്രകടമായത്. ഇതിനു ശേഷം 41 ആളുകൾ അഹ്മദിയ്യത്തിൽ പ്രവേശിച്ചു.

നൈജീരിയയിലെ റിപ്പോർട്ട്. ഉദുലു ഗ്രാമത്തിലും അതിന് ചുറ്റും തബ്‌ലീഗ് ചെയ്യുകയായിരുന്നു. നല്ല എതിർപ്പുണ്ടായി. ആ പ്രദേശത്തെ ബശീർ എന്ന് പേരുള്ള ഒരു യുവാവ് വന്ന് പറഞ്ഞു, ഞങ്ങൾ അല്ലാഹുവിനോട് ദുഃആ ചെയ്തു. അഹ്മദികൾ സത്യവാന്മാരല്ലെങ്കിൽ അവരെ പ്രയാസത്തിൽ അകപ്പെടുത്തേ ണമേ. അഹ്മദികൾ സത്യവാന്മാരാണെങ്കിൽ എതിരാളികളെ പ്രയാസത്തിൽ അകപ്പെടുത്തേണമേ. അങ്ങനെ ഇതൊരു അടയാളമായിത്തീരട്ടെ. അഞ്ചു ദിവസത്തിന് ശേഷം എതിരാളി കളിൽ നിന്ന് രണ്ട് പേർ രോഗിയായി വളരെ പ്രയാസത്തിൽ അകപ്പെട്ട് വഫാത്തായത് കണ്ടപ്പോൾ എനിക്ക് മനസ്സിലായി ഈ ജമാഅത്ത് ദൈവത്തിൽ നിന്നുള്ളതാണ്. സത്യ ഹൃദയത്തോടു കൂടി വിശ്വസിച്ച് ഞാൻ അഹ്മദിയാകുന്നു.

മുൽക്കീനോ ഫാസുവിൽ തബ്‌ലീഗ് സംബന്ധമായി വിവിധ സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ ഏകദേശം നൂറോളം മെമ്പർ മാരുള്ള ഒരു ദുർഗൂ എന്നൊരു സ്ഥലത്ത് ഞങ്ങൾ എത്തി. അവർ പറഞ്ഞു: ''മുറബ്ബി സാഹിബ് കുറേ കാലമായി മഴ ലഭിക്കുന്നില്ല. കൃഷി ഇറക്കാൻ കഴിയുന്നില്ല.'' ഞാൻ പറഞ്ഞു: ''വരൂ, നമുക്ക് അല്ലാഹുവിനൊട് ദുഃആ ചെയ്യാം. ഇസ്തിസ്ക്കാ നമസ്കരിക്കാം. രാവിലെ 10 മണിക്ക് മഴക്കു വേണ്ടിയുള്ള നമസ്കാരം നടക്കുന്നതാണ്. ഈ ഗ്രാമത്തിലുള്ള എല്ലാ കുട്ടികളെയും പുരുഷന്മാരെയും സ്ത്രീകളെയും അറിയിക്കുക.'' ഇത് അറിയിച്ചപ്പോൾ അനഹ്മദി ഇമാം അടക്കം അവരാരും ഇതിൽ പങ്കെടുക്കാതെ വിട്ടു നിന്നു. നമസ്കാരത്തിൽ ഞാൻ നബി യെയും ഹ: മസീഹ് മൗഊദ് عليه السلام നെയും പരാമർശിച്ചുകൊണ്ട് പറഞ്ഞു: ''എന്റെ നാഥാ! ഇവിടത്തുകാരുടെ ഭൂമിയുടെ ദാഹം നീ തീർക്കേണമേ, ഞങ്ങളുടെ ദുഃആ നീ കേൾക്കേണമേ. ഈ ഒരടയാളം ഈ ഗ്രാമവാസികൾക്ക് നീ കാണിച്ചു കൊടുക്കേണമേ.''

അല്ലാഹു അഹ്മദി സ്ത്രീകളുടെയും കുട്ടികളുടേയും മുതിർന്നവരുടേയും പ്രാർഥന കേൾക്കുകയും അന്ന് രാത്രി തന്നെ ശക്തമായ മഴ വർഷിപ്പിക്കുകയും ചെയ്തു. ഞങ്ങൾ നമസ്കാരം കഴിഞ്ഞ് അവിടെ നിന്നു മറ്റൊരു സ്ഥലത്തേക്ക് പോയിരുന്നു. എന്നാൽ അടുത്ത ദിവസം ആദ്യ ഗ്രാമത്തിലുള്ളവർ സന്ദേശ വുമായി വന്നു. അവർ പറഞ്ഞു: ''ഞങ്ങളുടെ ഗ്രാമത്തിൽ ആദ്യത്തെ നല്ല മഴ ലഭിച്ചു. ഇത് അല്ലാഹുവിന്റെ വലിയ ഫള്‌ലാണ്." അനഹ്മദി മുസ്‌ലീംകളും കൃസ്ത്യാനികളും ഈ സംഭവത്തിൽ വളരെയധികം സ്വാധീനിക്കപ്പെടുകയുണ്ടായി. അവർ ഞങ്ങൾ നമസ്കരിക്കുന്നതായി കണ്ടതായിരുന്നു. ഇതിന്റെ ഫലമായി അവിടെ 90 ബൈഅത്തുകൾ നടന്നു.

ഹ: മസീഹ് മൗഊദ് عليه السلام പറയുന്നു: ''നമ്മുടെ ജമാഅ ത്തിലുള്ളവർക്ക് അല്ലാഹുവുമായി ശരിയായ ബന്ധം ഉണ്ടായിരിക്കേണ്ടതാണ്. അല്ലാഹു അവരെ വെറുതെ വിട്ടുകള ഞ്ഞിട്ടില്ലെന്നതിൽ അവർ കൃതജ്ഞത ഉള്ളവരായിത്തീരേ ണ്ടതാണ്. അവരുടെ വിശ്വാസ ശക്തിയെ ദൃഢജ്ഞാനം വരെ ഉയർത്താനായി തന്റെ ഖുദ്റത്തിന്റെ നൂറുക്കണക്കിന് അടയാളങ്ങൾ കാണിക്കുകയുണ്ടായി.''

*നാമോരോരുത്തരെയും അല്ലാഹുമായി സുദൃഢ ബന്ധം സ്ഥാപിക്കുന്നവരാക്കി അല്ലാഹു മാറ്റട്ടെ. നമ്മിൽ ഓരോരുത്തരും അവന്റെ അടയാളം കാണിക്കുന്നവരാക്കി മാറ്റുന്ന രീതിയിലുള്ള ബന്ധം സ്ഥാപിക്കുന്നവരായി മാറ്റട്ടെ. നമ്മുടെ വിശ്വാസത്തിൽ വർദ്ധനവ് വരുത്തുന്നവരാക്കി മാറ്റട്ടെ. വരും തലമുറയിലും ഈ ആത്മാവിനെ ഊതുന്നവരായി നാം മാറട്ടെ. അല്ലാഹുവിനോട് സുദൃഢബന്ധം സ്ഥാപിക്കുക, ജമാഅത്തിനോട് കൂറു പുലർത്തുക, ഹ: മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിലാണ് നിങ്ങൾ വന്നിട്ടുള്ളത്, അതിനെ വിലമതിക്കുക എന്ന് അവരോട് പറയുന്നവരായി നാം മാറട്ടെ. അല്ലാഹു നമ്മുടെ മക്കളുടെയും വിശ്വാസം വർദ്ധിപ്പിക്കട്ടെ.*

ദുഃഖകരമായ ഒരു വാർത്തയുണ്ട്. നമസ്കാരത്തിന് ശേഷം രണ്ട് ജനാസ നമസ്കരിപ്പിക്കുന്നതാണ്. ഒന്നാമത്തെ ജനാസ മുഹമ്മദ് ഹുസൈൻ മുഖ്ത്താർ സാഹിബിന്റെ മകൻ ബഹുമാനപ്പെട്ട റസിയുദ്ദീൻ സാഹിബിന്റെതാണ്. 2014 ഫെബ്രുവരി 8 ന് ശഹീദാകുകയുണ്ടായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ

വീട്ടിൽ നിന്നും ജോലിക്കായി പുറപ്പെട്ടതായിരുന്നു. കറാച്ചിയിലായിരുന്നു. ഭാര്യയും സഹോദര പുത്രനും കൂടെ ഉണ്ടായിരുന്നു. കറാച്ചിയിൽ അന്ന് ഹർത്താലായിരുന്നു. ജോലിക്ക് പോകേണ്ട എന്ന് ഭാര്യ പറയുകയും ചെയ്തതാണ്. എന്നിട്ടും ജോലിക്ക് പോകാൻ തയ്യാറായി. വീട്ടിൽ നിന്നും അൽപം അകലെ എത്തിയതെ ഉണ്ടായിരുന്നുള്ളൂ. അജ്ഞാതരായ രണ്ട് ബൈക്ക് യാത്രക്കാർ വന്ന് വെടിവെച്ചു. ഒരു വെടി കഴുത്തിനാണ് കൊണ്ടത്. ശ്വാസോച്ഛ്വാസം നടത്തുന്ന നാഡിയെ മുറിക്കുകയുണ്ടായി. സഹോദര പുത്രൻ കൂടെ ഉണ്ടായിരുന്നു. അവൻ വിവരമറിയിക്കാൻ വീട്ടിലേക്ക് പോയി. ഭാര്യ ഉടനെ ഹോസ്പിറ്റലിലേക്ക് കൊണ്ടു പോയി. ഡോക്ടർ എല്ലാം ചെയ്തു നോക്കി. പക്ഷേ റിസിയുദ്ദീൻ സാഹിബ് പരിക്ക് സഹിക്കാൻ കഴിയാതെ മരിക്കുകയുണ്ടായി

ശഹീദ് മർഹൂമിന്റെ പൂർവ്വപിതാക്കൾ കശ്മീരിലെ പൂഞ്ച് ജില്ലയിലെ മേണ്ടറിലാണ്. മേണ്ടറിലെ രണ്ട് ഭക്തവത്സർ ഖാദിയാനിൽ പോയി ഹ: മസീഹ് മൗഊദ് عليه السلام ന്റെ കയ്യിൽ ബൈഅത്ത് ചെയ്തിരുന്നു. തിരിച്ച് വന്ന് തബ്‌ലീഗ് തുടങ്ങി. അതിന്റെ ഫലമായ ശഹീദിന്റെ ഉപ്പാപ്പയുടെ ഉപ്പ ഫത്തഹ് മുഹമ്മദ് സാഹിബ് ബൈഅത്ത് ചെയ്തു ജമാഅത്തിൽ പ്രവേശിച്ചു. ശഹീദ് മർഹൂമിന്റെ ഉപ്പാപ്പയുടെ പേര് മുഖ്ത്താർ അഹ്മദ് സാഹിബ് എന്നാണ്. പാക്കിസ്ഥാൻ സ്ഥാപിച്ചതിനു ശേഷം ഈ കുടുംബം കോട്ട്‌ല ജില്ലയിലെ ഗോയിയിൽ താമസമാക്കി. 1992 മുതൽ കറാച്ചിയിലേക്ക് താമസം മാറ്റി. എഫ്. എ. വരെ പഠനം പൂർത്താക്കിയതിനു ശേഷം ഒരു ഫാക്ടറിയിൽ ആറു വർഷമായി ജോലി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. 26 വയസ്സായിരുന്നു ശഹാദത്ത് സമയത്തുള്ള പ്രായം.

മുഖ്‌ലിസായ ആളായിരുന്നു. സൽസ്വഭാവത്തോടും സൽപെരുമാറ്റത്തോടും ഓരോരുത്തരുമായി ബന്ധപ്പെട്ടു. ഖിലാഫത്തിനോട് ഇശ്ക്കായിരുന്നു. ഭാരവാഹികളെയും നിസാമെ ജമാഅത്തിനെയും വളരെയധികം ആദരിച്ചിരുന്നു. ആരോടും ഒരിക്കലും പ്രശ്നമുണ്ടാക്കാറില്ല. ശഹാദത്തിനു ശേഷം അനഹ്മദി സുഹൃത്തുക്കളും പറയുന്നത്, ആർക്കും ഒരു ഉപദ്രവും ഏൽപ്പിച്ചിരുന്നില്ല എന്നാണ്. ആർക്കും പരാതിപ്പെടാനുള്ള അവസരവും നൽകിയില്ല. ശഹാദത്ത് വരിക്കണം എന്ന് എപ്പോഴും ആഗ്രഹം പ്രകടിപ്പിക്കുമായിരുന്നു. ശഹാദത്തിന് അല്പം നാൾ മുമ്പ് ദർശനത്തിൽ കണ്ടത് ഒരാൾ കോടാലിയും കൊണ്ട് പിന്നിലൂടെ വരുന്നതായാണ്. അങ്ങനെ പെട്ടെന്ന് വെട്ടുന്നു. ഉടനെ ഉറക്കമുണർന്നു. ശഹാദത്തിന് രണ്ട് ദിവസം മുമ്പ് ഫെബ്രുവരി 6 ന് അദ്ദേഹത്തിന്റെ ഭാര്യ സ്വപ്നത്തിൽ കണ്ടത് ഇതാണ്. തന്റെ ഭർത്താവിന്റെ മറ്റൊരു വിവാഹം നടക്കുന്നു. പിന്നെ കാണുന്നത് വീട്ടിൽ ഒരു ജനാസ കിടക്കുന്നു. ഞാൻ ഓടി മാതാപിതാക്കളുടെ അടുത്ത് പോയി. അവിടെയും ഒരു ജനാസ കാണുന്നുണ്ട്. തുടർന്ന് കണ്ണ് തുറന്നു. ശഹീദ് മർഹൂമിന്റെ പിതാവ് സ്വപ്നം കണ്ടിരുന്നു. മൂത്തമകൻ മുഹമ്മദ് അഹ്മദ് എന്റെ അടുത്ത് വന്ന് പറയുകയാണ് നിങ്ങൾക്ക് 17 ദിവസം ബാക്കിയുണ്ട്.

അല്ലാഹുവിന്റെ ഫള്‌ലിനാൽ ശഹീദ് മൂസിയായിരുന്നു. ഖുദ്ദാം നൽകുന്ന ഡ്യൂട്ടിയിൽ വളരെ ഊർജ്ജസ്വലനായി പങ്കെടുത്തിരുന്നു. പിതാവ് വാർദ്ധക്യം ബാധിച്ചിരിക്കുന്നു. 80 വയസ്സാണ് പ്രായം. വാദം പിടിച്ചിരിക്കുന്നു. നല് വർഷമായി നടക്കാനും കഴിയില്ല. തന്റെ കുടുംബത്തിന്റെ, മാതാപിതാക്കളുടെയും കുട്ടികളുടെയും ഏക ആശ്രയമായിരുന്നു.

സഹോദരനും ഭീഷണിയുണ്ടായിരുന്നു. അതു കാരണം അവിടെ നിന്ന് അദ്ദേഹം പോയപ്പോള്‍ ഇദ്ദേഹത്തിനാണ് ഭീഷണി വന്നു കൊണ്ടിരിക്കുന്നത്.

മാതാപിതാക്കള്‍ കൂടാതെ ഭാര്യ നുസ്റത്ത് ജബീന്‍ സാഹിബയും, മകള്‍ അത്തിയത്തുന്നൂറും (7 മാസം) ഒരു സഹോദരനും കൂടിയുണ്ട്. *അല്ലാഹു ശഹീദിന്റെ പദവി ഉയര്‍ത്തട്ടെ. മാതാപിതാക്കള്‍ക്കും മറ്റുള്ളവര്‍ക്കും കുട്ടികള്‍ക്കും തന്റെ സംരക്ഷണം നല്‍കട്ടെ ക്ഷമ പ്രദാനം ചെയ്യട്ടെ.*

ഡോക്ടര്‍ ഖാലിദ് യൂസുഫ് സാഹിബിന്റെതാണ് അടുത്ത ജനാസ ഫെബ്രുവരി 7 ന് ഫള്‌ലെ ഉമര്‍ ആശുപത്രിയില്‍ വെച്ച് 46 ാം വയസ്സില്‍ വഫാത്തായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ

ഡോക്ടര്‍ സാഹിബ് മൂസിയായിരുന്നു ബഹിശ്ത്തി മഖ്ബറയില്‍ മറവു ചെയ്തു. പിതാവ് സേട്ട് മുഹമ്മദ് യൂസുഫ് സാഹിബ് നവാസ് ശാഇലെ ജില്ലാ അമീറായിരുന്നു. ഉമ്മ നവാസ് ശാഇല്‍ തന്നെയാണ് താമസിക്കുന്നത്. മൂന്ന് പെണ്‍കുട്ടികളും ഒരു ആണ്‍കുട്ടിയുമുണ്ട്. അമത്തുശ്ശാഫി, അദീബ യുസുഫ്, അയാന്‍ അഹ്മദ് (9), ഇമാന്‍ ഖാലിദ് (5) .

*അല്ലാഹു മര്‍ഹൂമിന്റെ പദവി ഉയര്‍ത്തട്ടെ.* നവാസ് ശാഇല്‍ നിന്നും പിതാവിന്റെ ശഹാദത്തിന് ശേഷം ഇവിടെ വന്നതായിരുന്നു. നല്ല ഡോക്ടറായിരുന്നു. അവിടെയും പാവങ്ങള്‍ക്ക് വളരെയധികം സേവനം ചെയ്തിട്ടുണ്ട്. നവാസ് ശായുടെ അവസ്ഥ മോശമായതു കാരണം റബ്‌വയിലെ ഫള്‌ലെ ഉമര്‍ ഹോസ്പിറ്റലില്‍ വന്നതായിരുന്നു. ഇ.എന്‍.ടി യുടെ ഡോക്ടറായിരുന്നു. രോഗികളുമായി വളരെ നല്ല ബന്ധത്തിലായിരുന്നു. ഹോസ്പിറ്റലില്‍ രോഗിയായി പ്രവേശിച്ച ദിവസവും രോഗിയായിട്ടു പോലും 80 രോഗികളെ അന്നും നോക്കിയിട്ടുണ്ട്. സേവന തത്പരനായിരുന്നു. *അല്ലാഹു പദവി ഉയര്‍ത്തട്ടെ.*

**PRINTED BOOKS**

**To**

From,
AHMADIYYA JAMA-AT
" Baitul Quddoos "
G.H.Road, Calicut -1

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2014 February 14 at : Baitul Futuh Mosque, London.
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: A.T. Nasarudheen Calicut
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, Calicut Zilla.**